
2023 SEPTEMBER
11
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

SINCE 1995
KUROL
An Ayurvedic Proprietary Medicine
A NATURAL & SAFE REMEDY FOR PILES



## എൻവിഡിയ റിലയൻസ് ഇൻഡസ്ട്രീസുമായും ടാറ്റയുമായും പങ്കാളിത്തത്തിന്

**മുംബൈ:** അമേരിക്ക ആസ്ഥാനമായ ആഗോള ചിപ് കമ്പനിയായ എൻവിഡിയ റിലയൻസ് ഇൻഡസ്ട്രീസുമായും ടാറ്റയുമായും പങ്കാളിത്തത്തിന് കരാർ ഒപ്പുവച്ചതോടെ ഇന്ത്യയിൽ എഐ മേഖലയിൽ വിപ്ലവകരമായ വളർച്ചയ്ക്കു വഴിയൊരുങ്ങി. നിർമിത ബുദ്ധി സാങ്കേതികവിദ്യയിൽ രാജ്യത്ത് മികച്ച അടിസ്ഥാനസൗകര്യമൊരുക്കുകയാണ് കമ്പനികളുമായുള്ള പങ്കാളിത്തത്തിന്റെ ലക്ഷ്യം. രാജ്യത്തെ സാങ്കേതികവിദ്യാ മേഖലയിലുള്ള ജീവനക്കാരുടെ നൈപുണ്യം ഉയർത്തുകയെന്ന ലക്ഷ്യവുമുണ്ട്.

റിലയൻസുമായി ചേർന്ന് എൻവിഡിയ ഇന്ത്യയുടെ സ്വന്തം എഐ ഭാഷാ മോഡലും ജനറേറ്റീവ് എഐ ആപ്പുകളും നിർമിക്കും. തദ്ദേശീയ ഭാഷകളിൽ എഐ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഇരുകമ്പനികളും ചേർന്നു പ്രവർത്തിക്കും. ജിയോയുമായി ചേർന്ന് എഐ സൂപ്പർ കംപ്യൂട്ടറുകൾ നിർമിക്കാനും പദ്ധതിയുണ്ട്. എഐ രാജ്യത്തെ ഓരോ സാധാരണക്കാരിലേക്കുമെത്തിക്കുകയാണ് റിലയൻസിന്റെ അടുത്ത ലക്ഷ്യമെന്ന് കഴിഞ്ഞ വാർഷിക പൊതുയോഗത്തിൽ റിലയൻസ് ഇൻഡസ്ട്രീസ് ചെയർമാൻ മുകേഷ് അംബാനി പ്രഖ്യാപിച്ചിരുന്നു.

ആധുനിക ചിപ്പുകൾ, എഐ സൂപ്പർ കംപ്യൂട്ടിങ് സേവനങ്ങൾ എന്നിവ എൻവിഡിയ ഇന്ത്യൻ കമ്പനികൾക്കു ലഭ്യമാക്കും.എൻവിഡിയയുമായി ചേർന്നുള്ള പുതിയ ഐഐ ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ സ്റ്റാർട്ടപ്പുകൾക്കും ഡവലപ്പർമാർക്കും ഗവേഷകർക്കും പ്രയോജനകരമാകും.

ടാറ്റയുമായി ചേർന്നുള്ള പദ്ധതികളിൽ പ്രധാനം എഐ മേഖലയിൽ 6 ലക്ഷം ജീവനക്കാരുടെ സാങ്കേതിക നൈപുണ്യം വർധിപ്പിക്കാനുള്ള പരിപാടികളാണ്. ടാറ്റ കമ്യൂണിക്കേഷനുമായി ചേർന്ന് എഐ ഇൻഫ്രാസ്ട്രക്ചർ വികസനവും ലക്ഷ്യമിടുന്നുണ്ട്. എഐ മേഖലയിൽ രാജ്യത്തു വലിയ മാറ്റം കൊണ്ടുവരാൻ കരാറുകൾക്കു കഴിയും.

ഇന്ത്യൻ കമ്പനികളുമായുള്ള പങ്കാളിത്തം രാജ്യത്തിന് എഐ മേഖലയിൽ വലിയ മുന്നേറ്റത്തിനു വഴിയൊരുക്കുമെന്നും ഇന്ത്യയ്ക്കു മുന്നിൽ വലിയ അവസരങ്ങളുടെണ്ടെന്നും എൻവിഡിയ സിഇഒ ജെൻസെൻ ഹ്യുവാങ് പറഞ്ഞു. ഹ്യുവാങ് കഴിഞ്ഞ ദിവസം പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും ചർച്ച നടത്തിയിരുന്നു.

## ജി20 ഉച്ചകോടി സമാപിച്ചു; അധ്യക്ഷ പദവി ബ്രസീലിന് കൈമാറി മോദി

**ന്യൂഡൽഹി:** ഇന്ത്യയുടെ അധ്യക്ഷതയിൽ നടന്ന ജി20 ഉച്ചകോടി സമാപിച്ചു. അടുത്ത അധ്യക്ഷ പദവിയിലെത്തുന്ന ബ്രസീൽ പ്രസിഡന്റ് ലുല ഡസിൽവയ്ക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഔപചാരികമായി പദവി കൈമാറി.



ഇന്ത്യയുടെ അധ്യക്ഷ പദവി രണ്ടരമാസം കൂടിയുണ്ടെന്നും ഇപ്പോഴത്തെ നിർദേശങ്ങൾ കൂടി പരിഗണിക്കാൻ വെർചൽ ഉച്ചകോടി നടത്തണമെന്നും മോദി നിർദേശിച്ചു. ഊർജ സംരക്ഷണം, ദാരിദ്ര്യ നിർമാജനം തുടങ്ങിയവയ്ക്ക് ബ്രസീൽ മുൻഗണന നൽകുമെന്ന് ബ്രസീൽ പ്രസിഡന്റ് പറഞ്ഞു.

ജി20 നേതാക്കൾ രാവിലെ രാജ്ഘട്ടിൽ മഹാത്മാഗാന്ധിക്ക് ആദരമർപ്പിച്ചിരുന്നു. യുഎസ് പ്രസിഡന്റ് ജോ ബൈഡൻ അവസാന സെഷൻ തുടങ്ങുന്നതിനു മുൻപേ വിയറ്റ്നാമിലേക്കു തിരിച്ചു.

ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് സിറിൽ റാമഫോസെയും അവസാന സെഷനിൽ പങ്കെടുത്തില്ല.

# മൊറോക്കോ ഭൂകമ്പം; മരണം 2,000 കവിഞ്ഞു

**റബാത്ത്:**വടക്കേ ആഫ്രിക്കൻ രാജ്യമായ മൊറോക്കോയിൽ വെള്ളിയാഴ്ച രാത്രിയുണ്ടായ ഭൂകമ്പത്തിൽ മരണം 2,012 ആയി. പരുക്കേറ്റ രണ്ടായിരത്തിലേറെ ആളുകളിൽ 1,404 പേരുടെ നില ഗുരുതരമാണ്. മരണസംഖ്യ ഉയരാനാണു സാധ്യത. ആശുപത്രികൾ ശവശരീരങ്ങൾകൊണ്ടു നിറഞ്ഞു. പല കുടുംബങ്ങളും പൂർണമായും കൊല്ലപ്പെട്ടു. മൊറോക്കോയിൽ ഭൂകമ്പത്തിന്റെ തുടർചലനം ഭയന്ന് തലസ്ഥാനമായ റബാത്ത് അടക്കം പല നഗരങ്ങളിലും ജനങ്ങൾ വീടുകൾക്കു പുറത്താണ് കഴിയുന്നത്.



മധ്യമേഖലയിലെ മാരിക്കേഷ് നഗരത്തിൽ നിന്ന് 72 കിലോമീറ്റർ മാറി ഹൈ അറ്റ്ലസ് പർവത മേഖലയിലെ അമിസ്മിസ് ഗ്രാമമാണ് 6.8 തീവ്രതയുള്ള ഭൂകമ്പത്തിന്റെ പ്രഭവകേന്ദ്രം. ഇവിടത്തെ ഗ്രാമങ്ങളെല്ലാം തകർന്നടിഞ്ഞു.

അസ്നി എന്ന ഗ്രാമം പൂർണമായും ഇല്ലാതായി. റോഡുകൾ തകർന്നതിനാൽ മേഖലയാകെ ഒറ്റപ്പെട്ടിരിക്കുകയാണ്.

ഭൂകമ്പം 3 ലക്ഷത്തോളം ആളുകളെയാണ് ബാധിച്ചതെന്നു ലോകാരോഗ്യ സംഘടന അറിയിച്ചു.

സൈന്യത്തിന്റെ നേതൃത്വത്തിലാണു രക്ഷാപ്രവർത്തനം നടക്കുന്നത്. ഇന്ത്യക്കാർ ആരെങ്കിലും ദുരന്തത്തിൽ ഉൾപ്പെട്ടതായി വിവരം കിട്ടിയിട്ടില്ലെന്നു റബാത്തിലെ ഇന്ത്യൻ എംബസി വ്യക്തമാക്കി.

## പുനഃസംഘടന കഴിഞ്ഞു; റിയാബ് ഇനി ബിപിടി

**തിരുവനന്തപുരം:** സംസ്ഥാന വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്കു മേൽനോട്ടം വഹിക്കുന്ന പബ്ലിക് സെക്ടർ റീ സ്ട്രക്ചറിങ് ആൻഡ് ഇന്റേണൽ ഓഡിറ്റ് ബോർഡ് (റിയാബ്) പുന:സംഘടിപ്പിച്ച് ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷനു സർക്കാർ രൂപം നൽകി. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിനായി മുൻ ചീഫ് സെക്രട്ടറി പോൾ ആന്റണിയുടെ നേതൃത്വത്തിൽ നിയോഗിച്ച വിദഗ്ധ സമിതിയുടെ ശുപാർശ പ്രകാരമാണിത്. ചെയർമാനായി ബിപിസിഎൽ കൊച്ചി റിഫൈനറിയുടെ മുൻ എക്സിക്യൂട്ടിവ് ഡയറക്ടർ കെ.അജിത് കുമാറിനെയും മെംബർ സെക്രട്ടറിയായി പി.സതീഷ് കുമാറിനേയും നിയമിച്ചു.



# ഒൻപത് മലയാളികൾക്ക് നാരായണീയ ശ്രേഷ്ഠാചാര്യ പുരസ്കാരം



കെ.ഹരിദാസ് തുരുവനന്തപുരം, പി.ശ്രീദേവി പാൽക്കുളങ്ങര, രാജലക്ഷ്മിരാജ നിലമ്പൂർ, ശ്യാംചൈതന്യ പാലക്കാട്, അഡ്വ. മങ്കോട് രാമകൃഷ്ണൻ ഗുരുവായൂർ, ലക്ഷ്മി ഹരിഹരൻ ഇടപ്പള്ളി, മംഗലത്ത് ജഗദംബികാദേവി തൃപ്പൂണിത്തുറ, ഇന്ദിരാ നവീൻചന്ദ്രൻ മട്ടാഞ്ചേരി, ഗിരിജാ കലാധരൻ വൈപ്പിൻ

**കൊച്ചി :** അഖില ഭാരത നാരായണീയ മഹോത്സവ സമിതിയും പ്രശാന്തി വിശ്വഭാരത ദർശന സേവാ ട്രസ്റ്റും സംയുക്തമായി ഏർപ്പെടുത്തിയ നാരായണീയ ശ്രേഷ്ഠാചാര്യ പുരസ്കാരത്തിന് ഒൻപത് മലയാളികൾ തിരഞ്ഞെടുക്കപ്പെട്ടു. കെ.ഹരിദാസ് തുരുവനന്തപുരം, പി.ശ്രീദേവി പാൽക്കുളങ്ങര, രാജലക്ഷ്മിരാജ നിലമ്പൂർ, ശ്യാംചൈതന്യ പാലക്കാട്, അഡ്വ. മങ്കോട് രാമകൃഷ്ണൻ ഗുരുവായൂർ, ലക്ഷ്മി ഹരിഹരൻ ഇടപ്പള്ളി, മംഗലത്ത് ജഗദംബികാദേവി തൃപ്പൂണിത്തുറ, ഇന്ദിരാ നവീൻചന്ദ്രൻ മട്ടാഞ്ചേരി, ഗിരിജാ കലാധരൻ വൈപ്പിൻ എന്നിവരാണ് പുരസ്കാര ജേതാക്കൾ.ഈ മാസം 16ന് ഉത്തർപ്രദേശിലെ നൈമിശിരണ്യത്തിലെ സൂത പീഠത്തിൽ ലക്നൗ എം.എൽ.എ ഭൂപേന്ദ്ര സിംഗ് അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ യു.പി. സാംസ്കാരിക മന്ത്രി ജയ് വീർ സിംഗ് പുരസ്കാര സമർപ്പണം നടത്തുമെന്ന് ഭാരവാഹികൾ അറിയിച്ചു.

## ആലപ്പുഴ മെഡിക്കൽ കോളജ് വികസന പ്രവർത്തനങ്ങൾക്ക് 13.83 കോടി

**ആലപ്പുഴ:** സർക്കാർ മെഡിക്കൽ കോളജിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 13,83,35,639 രൂപയുടെ ഭരണാനുമതി നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. വിവിധ ആശുപത്രി ഉപകരണങ്ങൾക്കും സാമഗ്രികൾക്കും മറ്റുമായാണ് തുക അനുവദിച്ചത്. ആലപ്പുഴ മെഡിക്കൽ കോളജിൽ നടന്നു വരുന്ന വിവിധ വികസന പ്രവർത്തനങ്ങൾക്ക് ഇതേറെ സഹായിക്കുമെന്നും മന്ത്രി വ്യക്തമാക്കി.ന്യൂറോളജി വിഭാഗത്തിൽ 22 ലക്ഷം ചെലവഴിച്ച് റോബോട്ടിക് ട്രാൻസ്ക്രാനിയൽ ഡോപ്ലർ സജ്ജമാക്കും. തലച്ചോറിലെ രക്തയോട്ടം കണ്ടെത്തുന്നതിനുള്ള അത്യാധുനിക ഉപകരണമാണിത്. ഒഫ്ത്താൽമോളജി വിഭാഗത്തിൽ 1.20 കോടിയുടെ പോസ്റ്റീരിയർ സെഗ്മെന്റ് ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ്, വിക്ട്രക്റ്റമി മെഷീൻ, എൻഡോ ലേസർ യൂണിറ്റ്, പോർട്ടബിൾ ഇഎംജി മെഷീൻ, ന്യൂറോ സർജറി വിഭാഗത്തിൽ ന്യൂറോ സർജറിയ്ക്കുള്ള ഹൈസ്പീഡ് ഇലക്ട്രിക് ഡ്രിൽ, പത്തോളജി വിഭാഗത്തിൽ ആട്ടോമേറ്റഡ് ഐഎച്ച്സി സ്റ്റീനർ, ഇഎൻടി വിഭാഗത്തിൽ മൈക്രോമോട്ടോർ, ഓർത്തോപീഡിക്സ് വിഭാഗത്തിൽ സി ആം മൊബൈൽ ഇമേജ് ഇന്റൻസിഫയർ സിസ്റ്റം എന്നിവയ്ക്കായി തുകയനുവദിച്ചു.

# ശബരിമല: ഹൈഡ്രോളിക് മേൽക്കൂര നിർമാണം വേഗത്തിലാക്കും

**ശബരിമല:** പതിനെട്ടാംപടിക്കു മുകളിലെ ഹൈഡ്രോളിക് മേൽക്കൂര നിർമാണം വേഗത്തിലാക്കാൻ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ.അനന്തഗോപൻ മുന്നിട്ടിറങ്ങി. ഹൈഡ്രോളിക് മേൽക്കൂര നിർമാണം മണ്ഡല മകരവിളക്കു തീർഥാടനത്തിനു മുൻപു പൂർത്തിയാകാൻ സാധ്യതയില്ലെന്നു മനോരമ ഇന്നലെ റിപ്പോർട്ട് ചെയ്തിരുന്നു. ഇത് ശ്രദ്ധയിൽ പെട്ടതിനെ തുടർന്നു ദേവസ്വം ബോർഡ് പ്രസിഡന്റിന്റെ നേതൃത്വത്തിലുള്ള സംഘം മേൽക്കൂരയുടെ കരിങ്കൽ പണി നടത്തുന്ന ചെങ്ങന്നൂർ സ്വദേശി പ്രകാശ് പണിക്കരുമായി കൂടിക്കാഴ്ച നടത്തി.



സന്നിധാനത്ത് സ്ഥാപിക്കേണ്ട കരിങ്കൽ തൂണുകളുടെ 80 ശതമാനം പണികൾ തീർന്നിട്ടുണ്ട്. ബാക്കി പണികൾ ഒരാഴ്ചയ്ക്കുള്ളിൽ തീർക്കാമെന്നു കരാറുകാരൻ സമ്മതിച്ചു. പണി തീർന്ന കല്ലുകൾ 2 ദിവസത്തിനുള്ളിൽ സന്നിധാനത്തേക്കു കൊണ്ടുപോകും. വലിയ കല്ലിന് 14 അടി നീളമുണ്ട്. ഇത് പമ്പയിൽ നിന്ന് എങ്ങനെ സന്നിധാനത്ത് എത്തിക്കാമെന്ന കാര്യത്തിലും ചർച്ച നടത്തി.

ദേവസ്വം ബോർഡ് സെക്രട്ടറി ജി.ബൈജു, ചീഫ് എൻജിനീയർ (ജനറൽ) ആർ. അജിത് കുമാർ, ശബരിമല എക്സിക്യൂട്ടീവ് ഓഫിസർ വി.കൃഷ്ണകുമാർ, കോ ഓർഡിനേറ്റർ കെ.റെജികുമാർ, അസി. എൻജിനീയർ സുനിൽ കുമാർ, ചെന്നൈ ആസ്ഥാനമായ ക്യാപിറ്റൽ എൻജിനീയറിങ് കൺസൾട്ടൻസി എൻജിനീയർ ശ്രീകുമാർ എന്നിവരും സംഘത്തിലുണ്ടായിരുന്നു.

ഹൈദരാബാദ് ആസ്ഥാനമായ വിശ്വ സമുദ്ര കൺസ്ട്രക്ഷൻ കമ്പനി 70 ലക്ഷം രൂപ മുടക്കി വഴിപാടായാണ് പതിനെട്ടാംപടിക്കു മുകളിലെ ഹൈഡ്രോളിക് മേൽക്കൂര നിർമിച്ചു നൽകുന്നത്. ചെന്നൈ ആസ്ഥാനമായ ക്യാപിറ്റൽ എൻജിനീയറിങ് കൺസൾട്ടൻസി പ്രൈവറ്റ് ലിമിറ്റഡ് കമ്പനി തയാറാക്കിയ രൂപരേഖ അനുസരിച്ചു ദേവസ്വം ബോർഡിന്റെ മേൽനോട്ടത്തിലാണു പണികൾ നടക്കുന്നത്.

## ഐസിഐസിഐ പ്രൂ ഗിഫ്റ്റ് പ്രോ അവതരിപ്പിച്ചു

**കോഴിക്കോട്:** ഉപയോക്താക്കൾക്ക് വർഷം തോറും വർധിക്കുന്ന വരുമാനം അല്ലെങ്കിൽ കൃത്യമായ നിശ്ചിത വരുമാനം ലഭ്യമാക്കുന്ന പുതിയ വരുമാന പദ്ധതി അവതരിപ്പിച്ച് ഐസിഐസിഐ പ്രൂഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്. ലൈഫ് കവർ കുടുംബത്തിന് സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്ന വിധത്തിൽ ഐസിഐസിഐ പ്രൂ ഗിഫ്റ്റ് പ്രോ എന്ന പേരിലാണ് പുതിയ വരുമാന പദ്ധതി. ഉപയോക്താക്കൾക്ക് അവരുടെ ആവശ്യാനുസരണം തുക പിൻവലിക്കാനും മൊത്തം തുകയുടെ കാലാവധി നിശ്ചയിക്കാനും പദ്ധതിയിൽ സൗകര്യമുണ്ടാവും. ഉപയോക്താക്കളുടെ ചെറിയ കാലയളവിലേക്കും ദീർഘകാലത്തേക്കുമുള്ള ആവശ്യങ്ങൾ സാധിക്കുന്ന തരത്തിൽ നിക്ഷേപിക്കുകയും ചെയ്യാം. തങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് വരുമാന പദ്ധതിക്ക് രൂപം നൽകാൻ സാധിക്കുന്ന തരത്തിലുള്ള സൗകര്യവുമുണ്ട്. മറ്റ് സേവനങ്ങൾക്കൊപ്പം തങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് വരുമാന സേവനങ്ങളും പ്രീമിയം പേയ്മെന്റ് കാലയളവും ഉപയോക്താക്കൾക്ക് തന്നെ നിശ്ചയിക്കാം.

## ആശുപത്രികളിൽ ഇനി സോഷ്യൽ വർക്കർമാരുടെ സേവനവും: വീണാ ജോർജ്

**തിരുവനന്തപുരം:** സർക്കാർ ആശുപത്രികളിൽ സോഷ്യൽ വർക്കർമാരുടെ സേവനം ലഭ്യമാക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ നടപ്പിലാക്കി വരുന്ന ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവിന്റെ ഭാഗമായി എം.എസ്.ഡബ്ല്യു./ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ ബിരുദമുള്ളവരുടെ സേവനമാണ് ലഭ്യമാക്കുക. ജനസമ്പർക്ക പ്രവർത്തനങ്ങൾക്കാണ് ഇവരുടെ സേവനം വിനിയോഗിക്കുകയെന്നും അത്യാഹിത വിഭാഗത്തിൽ സമയബന്ധിതമായി മികച്ച ചികിത്സ നൽകുന്നതോടൊപ്പം രോഗികൾക്കും കൂട്ടിരിപ്പുകാർക്കും സഹായകരമായ രീതിയിലുള്ള പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നതെന്നും മന്ത്രി വ്യക്തമാക്കി.മെഡിക്കൽ കോളേജുകളിൽ ജനസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക, ചികിത്സയുടെയും സേവനങ്ങളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ആരോഗ്യ പ്രവർത്തകർക്ക് മികച്ച സാഹചര്യം ഒരുക്കുക എന്നിവയാണ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവിലൂടെ ലക്ഷ്യമിടുന്നത്. രോഗികളുമായും കൂട്ടിരിപ്പുകാരുമായും സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് കൺട്രോൾ റൂമും പി.ആർ.ഒ. സേവനവും ലഭ്യമാക്കാൻ മന്ത്രി നിർദേശം നൽകിയിരുന്നു.ഇതേ തുടർന്ന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കുലർ ഇറക്കുകയും ചെയ്തിട്ടുണ്ട്. ഡോക്ടർമാർ, നഴ്സിംഗ്, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരടങ്ങുന്ന മൾട്ടി ഡിസിപ്ലിനറി ടീമിൽ ഒരംഗമായി ഇവർ പ്രവർത്തിക്കണം. രോഗികളെയും കുടുംബാംഗങ്ങളെയും മറ്റ് ടീമംഗങ്ങളെയും ഏകോപിപ്പിക്കുകയും സഹായിക്കുകയും വേണം. രോഗിക്കും കുടുംബത്തിനും അവർക്ക് മനസിലാകുന്ന ഭാഷയിൽ രോഗാവസ്ഥ ബോധ്യമാക്കണം. രോഗികൾക്ക് സഹായകമായ സർക്കാർ സ്കീമുകളെക്കുറിച്ച് മനസിലാക്കിക്കൊടുക്കണം. ഇതോടൊപ്പം ഡിസ്ചാർജിലും ബാക്ക് റഫറലിലും ഡോക്ടറെ സഹായിക്കുകയും വേണം.സോഷ്യൽ വർക്കർമാരുടെ സേവനം ഘട്ടംഘട്ടമായി സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും വ്യാപിപ്പിക്കും. തിരുവനന്തപുരത്തിന് പുറമേ ആലപ്പുഴ, കോട്ടയം, തൃശൂർ, കോഴിക്കോട്, എറണാകുളം മെഡിക്കൽ കോളേജുകളിലാണ് ആദ്യഘട്ടമായി സോഷ്യൽ വർക്കർമാരുടെ സേവനം ലഭ്യമാക്കുന്നത്. തുടർന്ന് മറ്റ് മെഡിക്കൽ കോളേജുകളിലും നടപ്പിലാക്കും.

# നജീം അർഷാദും, ദേവനന്ദയും പാടിയ ഴ യിലെ രണ്ടാമത്തെ ഗാനം പുറത്ത്





മണികണ്ഠൻ ആചാരി, നന്ദു ആനന്ദ് എന്നിവരെ കേന്ദ്രകഥാപാത്രങ്ങളാക്കി ഗിരീഷ് പി. സി. പാലം രചനയും സംവിധാനവും നിർവ്വഹിച്ച പുതിയ ചിത്രം ഴ ഉടനെ തിയേറ്ററിലെത്തും. ഒരു പിടി നല്ല ഗാനങ്ങൾ മലയാളികൾക്ക് സമ്മാനിക്കുന്ന ഴയിലെ രണ്ടാമത്തെ ഗാനം അണിയറ പ്രവർത്തകർ പുറത്ത് വിട്ടു. പ്രമുഖതാരങ്ങൾ തങ്ങളുടെ എഫ് ബി പേജിലൂടെയാണ് ഗാനം റിലീസ് ചെയ്ത് .താളം തുള്ളിയോടും തിങ്കൾ ഈറൻ വാനിലെ മേഘം തൊട്ട് മോഹത്തേലിലേറിയോ ഗാനം രചിച്ചിരിക്കുന്നത് സുധിയാണ്. പ്രമുഖ സംഗീത പ്രതിഭ രാജേഷ് ബാബു കെ.യാണ് സംഗീതം നിർവ്വഹിച്ചിരിക്കുന്നത്. യുവഗായകൻ നജീം അർഷാദും, കൊച്ചു പാട്ടുകാരി ദേവനന്ദയും ഏറെ ഹൃദ്യമായി ഈ  ഗാനം ആലപിച്ചിരിക്കുന്നു.

മലയാളികളുടെ പ്രിയ പാട്ടുകാരൻ വിനീത് ശ്രീനിവാസനും യുവഗായകൻ അമൽ സി അജിത്തും ചേർന്ന് പാടിയ ഴയിലെ ആദ്യ ഗാനം സംഗീതപ്രേമികൾ ഹൃദയത്തിലേറ്റ് വാങ്ങിയ ഗാനമായിരുന്നു. അലി കോഴിക്കോട് ആദ്യമായി സിനിമയ്ക്ക് വേണ്ടി എഴുതിയ ഗാനമായിരുന്നു ആ പാട്ട്.

തീവ്രമായൊരു സൗഹൃദത്തിൻറെ കഥ പറയുന്ന ചിത്രമാണ് ഴ.  സ്വന്തം ജീവനേക്കാൾ തൻറെ സുഹൃത്തിനെ സ്നേഹിക്കുന്ന രണ്ട് യുവാക്കളുടെ തീക്ഷ്ണവും തീവ്രവുമായ സൗഹൃദ വഴിയിലൂടെയാണ് ഴ യുടെ കഥ വികസിക്കുന്നത്.  മനോഹരങ്ങളായ ഗാനങ്ങളും സിനിമയുടെ മറ്റൊരു പുതുമയാണ്.

അഭിനേതാക്കൾ മണികണ്ഠൻ ആചാരി, നന്ദു ആനന്ദ്, നൈറാ നീ ഹാർ, സന്തോഷ് കീഴാറ്റൂർ, ലക്ഷമി പ്രിയ, രാജേഷ് ശർമ്മ , ഷൈനി സാറ,വിജയൻ കാരന്തൂർ, അജിത വി.എം., അനുപമ വി.പി.

ബാനർവോക്ക്  മീഡിയ നന്ദന മുദ്ര ഫിലിംസ്, രചന, സിവിധാനം ഗിരീഷ് പി സി പാലം. നിർമ്മാണം  രാജേഷ് ബാബു കെ ശൂരനാട്. കോ പ്രൊഡ്യുസേഴ്സ് സബിത ശങ്കർ, വി പ്രമോദ്, സുധി. ഡി ഒ പി ഹുസൈൻ അബ്ദുൾ ഷുക്കൂർ, സംഗീതം രാജേഷ് ബാബു കെ,  പ്രൊഡക്ഷൻ കൺട്രോളർ സുധി  പി സി പാലം, പി ആർ ഒ പി ആർ സുമേരൻ,





## അക്ഷയ് കുമാർ ഉൾപ്പടെ 24 മുൻനിര താരങ്ങൾ; വെൽകം 3 വരുന്നു

ബോളിവുഡിലെ ഹിറ്റ് കോമഡി ചിത്രങ്ങളിലൊന്നായ വെൽകം സിനിയമയ്ക്ക് മൂന്നാം ഭാഗം വരുന്നു. വെൽകം ടു ദ് ജംഗിൾ എന്നാണ് ചിത്രത്തിന്റെ പേര്. അക്ഷയ് കുമാർ, സഞ്ജയ് ദത്ത്, അർഷാദ് വർസി, സുനിൽ ഷെട്ടി, ദിഷ പഠാണി, രവീണ ടണ്ടോൻ, ലാറ ദത്ത, പരേഷ് റാവൽ തുടങ്ങിയ ഹിന്ദി സിനിമയിലെ പ്രധാന 24 താരങ്ങൾ ചിത്രത്തിൽ അണിനിരക്കുന്നു.

അഹമദ് ഖാൻ ആണ് സംവിധാനം. ജിയോ സ്റ്റുഡിയോസും ബേസ് ഇൻഡസ്ട്രീസും ചേർന്നാണ് ചിത്രം അവതരിപ്പിക്കുന്നത്. നിർമണം ജ്യോതി ദേശ്പാണ്ഡെയും എ. ഫിറോസ് നദിയാവാലയും.

2007ലാണ് വെൽകം ആദ്യ ഭാഗം റിലീസിനെത്തുന്നത്. പിന്നീട് 2015ൽ ഇതിന്റെ രണ്ടാം ഭാഗം വെൽകം ബാക് തിയറ്ററുകളിലെത്തി. വെൽകം ആദ്യ ഭാഗത്തിൽ അക്ഷയ് കുമാർ അഭിനയച്ചെങ്കിലും രണ്ടാം ഭാഗത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നില്ല. ആദ്യ രണ്ട് ഭാഗങ്ങളിലും അഭിനയിച്ച അനിൽ കപൂർ മൂന്നാം ഭാഗത്തിൽ ഉണ്ടാകില്ല.

## ത്രില്ലർ മൂഡിലൊരുങ്ങുന്ന ബിജു മേനോന്റെ ഗരുഡൻ




മിഥുൻ മാനുവൽ തോമസിന്റെതാണ് ചിത്രത്തിന്റെ തിരക്കഥ. അഞ്ചാം പാതിര എന്ന ഹിറ്റ് ചിത്രത്തിനുശേഷം മിഥുൻ തിരക്കഥ എഴുതുന്ന ചിത്രം കൂടിയാണിത്. മാജിക് ഫ്രെയിംസും മിഥുൻ മാനുവലും ഒന്നിക്കുന്ന ആദ്യ ചിത്രം എന്ന പ്രത്യേകതയും ?ഗരുഡനുണ്ട്.

ബിജു മേനോന്റെ പിറന്നാളിനോട് അനുബന്ധിച്ച് ഗരുഡൻ എന്ന ചിത്രത്തിലെ പുതിയ പോസ്റ്റർ പുറത്തുവിട്ടു. മാജിക് ഫ്രെയിംസിന്റെ ബാനറിൽ ലിസ്റ്റിൻ സ്റ്റീഫൻ നിർമ്മിക്കുന്ന 28മത് ചിത്രമാണ് ഗരുഡൻ. അരുൺ വർമ്മയാണ് ചിത്രത്തിന്റെ സംവിധായകൻ. ബിജു മേനോനൊപ്പം സുരേഷ് ഗോപിയും പ്രധാന വേഷത്തിൽ എത്തുന്ന ചിത്രത്തിനായി ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുകയാണ് മലയാളികൾ.

ചിത്രത്തിൽ കേരള ആംഡ് പൊലീസിന്റെ കമാന്റന്റ് ആയ ഹരീഷ് മാധവനായാണ് സുരേഷ് ഗോപി എത്തുന്നത്. നിഷാന്ത് എന്ന കോളേജ് പ്രൊഫസറുടെ വേഷമാണ് ബിജുമേനോൻ ചെയ്യുന്നത്. ഭാര്യയും ഒരു കുട്ടിയും ഉള്ള നിഷാന്ത് ഒരു ലീഗൽ പ്രശ്നത്തിൽ ഉൾപ്പെടുന്നതുമായി ബന്ധപ്പെടുത്തിയാണ് ചിത്രത്തിന്റെ കഥ വികസിക്കുന്നത്. നീതിക്കുവേണ്ടി പോരാടുന്ന പൊലീസ് ഓഫീസറുടെയും ഒരു കോളേജ് പ്രൊഫസറുടെയും ജീവിതത്തിലൂടെയാണ് ചിത്രം കടന്നു പോകുന്നത്

ലീഗൽ ത്രില്ലർ മൂഡിൽ ഒരുങ്ങുന്ന ഗരുഡൻ കൊച്ചിയിലും ഹൈദരാബാദിലുമായിട്ടാണ് ഷൂട്ടിംഗ് പൂർത്തിയാക്കിയത്. വൻ താരനിരയും വലിയ മുതൽ മുടക്കമുള്ള ചിത്രത്തിൽ  സിദ്ദിഖ്, ദിലീഷ് പോത്തൻ,ജഗദീഷ്, അഭിരാമി, ദിവ്യ പിള്ള, തലൈവാസൽ വിജയ്, അർജുൻ നന്ദകുമാർ, മേജർ രവി, ബാലാജി ശർമ,സന്തോഷ് കീഴാറ്റൂർ, രഞ്ജിത്ത് കങ്കോൽ, ജെയ്സ് ജോസ്,മാളവിക, ജോസുകുട്ടി,ചൈതന്യ പ്രകാശ് എന്നിവരും പ്രധാന വേഷത്തിൽ എത്തുന്നു.

അജയ് ഡേവിഡ് കാച്ചപ്പള്ളി ആണ് ചിത്രത്തിനായി ക്യാമറ ചെയ്യുന്നത്. സുരേഷ് ഗോപിയുടെ പാപ്പൻ എന്ന ഗംഭീര സൂപ്പർ ഹിറ്റ് ചിത്രത്തിനും ക്യാമറ ചലിപ്പിച്ചത് അജയ് ആയിരുന്നു. കഥ ജിനേഷ് എം. ജനഗണമന,കടുവ എന്നീ സൂപ്പർ ഹിറ്റ് ചിത്രങ്ങൾക്ക് ശേഷം ജെയ്ക്സ് ബിജോയ് വീണ്ടും മാജിക് ഫ്രെയിംസിന് വേണ്ടി ഗരുഡന്റെ സംഗീതം ഒരുക്കുന്നു. എഡിറ്റർ ശ്രീജിത്ത് സാരംഗ്.

കോ പ്രൊഡ്യൂസർ ജസ്റ്റിൻ സ്റ്റീഫൻ, ലൈൻ പ്രൊഡ്യൂസർ സന്തോഷ് കൃഷ്ണൻ,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ നവീൻ പി തോമസ്. അഡ്മിനിസ്ട്രേഷൻ ആൻഡ് ഡിസ്ട്രിബ്യൂഷൻ ഹെഡ് ബബിൻ ബാബു, പ്രൊഡക്ഷൻ കൺട്രോളർ ഡിക്സൺ പൊടുത്താസ്, പ്രൊഡക്ഷൻ ഇൻ ചാർജ് അഖിൽ യശോധരൻ. മേക്കപ്പ് റോണക്സ് സേവ്യർ, ആർട്ട് സുനിൽ കെ. ജോർജ്.കോസ്റ്റ്യൂം സ്റ്റെഫി സേവ്യർ, പി ആർ ഓ മഞ്ജു ഗോപിനാഥ്. മാർക്കറ്റിംഗ് കൺസൾട്ടന്റ് ബിനു ബ്രിങ് ഫോർത്ത്.ഡിജിറ്റൽ മാർക്കറ്റിംഗ് ഒബ്സ്ക്യൂറ എന്റർടൈൻമെന്റ്. സ്റ്റിൽസ് ശാലു പേയാട്. ഡിസൈൻസ് ആന്റണി സ്റ്റീഫൻ

# ജലനിരപ്പ് ഉയർന്നു തന്നെ; ആശങ്ക ഒഴിയാതെ കുട്ടനാട്

**കുട്ടനാട്:** മഴ വീണ്ടും പെയ്തതോടെ ആശങ്ക ഒഴിയാതെ കുട്ടനാട്. ജലാശയങ്ങളിൽ ജലനിരപ്പ് ഉയർന്നു നിൽക്കുന്നതിനാൽ താഴ്ന്ന പ്രദേശങ്ങളിലെ വെള്ളക്കെട്ട് മാറ്റമില്ലാതെ തുടരുന്നു. അതേസമയം പുഞ്ചക്കൃഷിക്കായി ചില പാടശേഖരങ്ങളിൽ പമ്പിങ് തുടങ്ങിയതു നേരിയ ആശ്വസം പകരുന്നു. മഴയോടൊപ്പം കിഴക്കൻവെള്ളത്തിന്റെ വരവും വേലിയേറ്റവും മൂലം ഏതാനും ദിവസങ്ങളായി കുട്ടനാട്ടിൽ ജലനിരപ്പ് ഉയർന്നു നിൽക്കുകയാണ്. പാടശേഖരങ്ങളിൽ പുഞ്ചക്കൃഷിയുടെ ഒരുക്കങ്ങളുടെ ഭാഗമായി പൊതുമടകളും തൂമ്പുകളും അടച്ചതിനാൽ പല സ്ഥലങ്ങളിൽ പെയ്ത മഴവെള്ളം പാടശേഖരങ്ങളിൽ കെട്ടി നിൽക്കുന്നു.

ഇതുമൂലം വീടുകളിലും പുരയിടങ്ങളിലും വെള്ളം കയറി. പാടശേഖരങ്ങളിൽ പമ്പിങ് തുടങ്ങിയാലേ ഈ പ്രദേശങ്ങളിലെ വെള്ളക്കെട്ട് ഒഴിയൂ. പുളിങ്കുന്ന് കൃഷിഭവൻ പരിധിയിലെ അയ്യനാട് പാടശേഖരത്തിൽ പുഞ്ചക്കൃഷിക്കായി പമ്പിങ് തുടങ്ങിയതു നൂറുകണക്കിനു കുടുംബങ്ങൾക്ക് ആശ്വാസമായി. പമ്പിങ് നടത്തിയതുമൂലം ചതുർഥ്യാകരി പുളിങ്കുന്ന് റോഡിൽ പല ഭാഗങ്ങളിലും രൂപപ്പെട്ട വെള്ളക്കെട്ട് ഒഴിഞ്ഞു. കൂടാതെ പല വീടുകളിലും നിന്നു വെള്ളം ഇറങ്ങുകയും ചെയ്തു.

മറ്റു പാടശേഖരങ്ങളിലും പമ്പിങ് തുടങ്ങുന്നതോടെ കുട്ടനാട്ടിലെ ബഹുഭൂരിപക്ഷം സ്ഥലങ്ങളിലെയും വെള്ളക്കെട്ട് ഒഴിയും. എന്നാൽ മഴയും വെള്ളംവരവും തുടർന്നാൽ പമ്പിങ് തുടങ്ങിയ പാടശേഖരങ്ങളിൽ മടവീഴ്ച അടക്കമുള്ള ഭീഷണിയുണ്ട്. പമ്പിങ് തുടങ്ങുന്നത് പാടശേഖരങ്ങൾക്ക് ഉള്ളിലും പുറംബണ്ടിലും താമസിക്കുന്നവർക്ക് ആശ്വാസം പകരുമെങ്കിലും ജലനിരപ്പ് ഉയർന്നു നിൽക്കുന്നതിനാൽ തുരുത്തുകളിലും പാടശേഖരങ്ങൾ ഇല്ലാത്ത ഭാഗങ്ങളിലും വെള്ളക്കെട്ട് ഒഴിഞ്ഞില്ല.

## പഠനം പാതിവഴിയിൽ ഉപേക്ഷിച്ച കുട്ടികൾക്കായി 'ഹോപ്'

**കൊല്ലം:** മോശമായ ജീവിത സാഹചര്യങ്ങൾ മൂലം പഠനം പാതിവഴിയിൽ ഉപേക്ഷിച്ച എസ്എസ്എൽസി, പ്ലസ്ടു വിദ്യാർഥികൾക്കു തുടർപഠനത്തിനായി സഹായിക്കുന്ന കൊല്ലം സിറ്റി പൊലീസിന്റെ 'ഹോപ്' പദ്ധതിയുടെ പുതിയ അധ്യയന വർഷത്തിലെ കുട്ടികളുടെ സംഗമം ജില്ലാ പൊലീസ് മേധാവി മെറിൻ ജോസഫ് ഉദ്ഘാടനം ചെയ്തു. ഹോപ് ജില്ലാ കോ ഓർഡിനേറ്റർ കെ.എസ്.ബിനു അധ്യക്ഷത വഹിച്ചു.

വിദ്യാർഥികൾക്കു പഠനോപകരണങ്ങളും സാമ്പത്തിക സഹായവും മറ്റും സഹായങ്ങളും നൽകി ജില്ലയിലെ 3 കേന്ദ്രങ്ങളിലായി പഠനം നടത്താൻ അവസരം ഒരുക്കും. ഡി ക്യാപ് കോഓർഡിനേറ്റർ ബി.രാജേഷ്, കൊല്ലം സിറ്റി അഡീ.എസ്പി സോണി ഉമ്മൻ കോശി, പൊലീസ് ഓഫിസേഴ്സ് അസോസിയേഷൻ ജില്ലാ സെക്രട്ടറി ജിജു സി.നായർ, ഹോപ് മുൻ വിദ്യാർഥി വിനീത, റിസോഴ്സ് പഴ്സൻ കാൾട്ടൺ ഫെർണാണ്ടസ് എന്നിവർ പ്രസംഗിച്ചു.

## തിരുവനന്തപുരം ആയുർവേദ കോളജ് ആശുപത്രിയിൽ ഒഴിവുകൾ

**തിരുവനന്തപുരം:** സർക്കാർ ആയുർവേദ കോളജ് ആശുപത്രിയിൽ ആശുപത്രി വികസന സമിതി മുഖേന 179 ദിവസത്തേക്ക് താത്കാലികമായി പ്രതിദിന വേതനാടിസ്ഥാനത്തിൽ സാനിട്ടേഷൻ വർക്കർ, ആയുർവേദ നഴ്സ്, ആയുർവേദ തെറാപിസ്റ്റ് തസ്തികകളിൽ നിയമനത്തിനായി അഭിമുഖം നടത്തും. സാനിട്ടേഷൻ വർക്കർ തസ്തികയിൽ വനിത 2, പുരുഷൻ 2 എന്നിങ്ങനെയാണ് ഒഴിവുകൾ. സെപ്റ്റംബർ 20നു നടക്കുന്ന ഇന്റർവ്യൂവിൽ ഏഴാം ക്ലാസ് യോഗ്യതയും ശാരീരിക ക്ഷമതയുമുള്ളവർക്കു പങ്കെടുക്കാം.

ആയൂർവേദ നഴ്സ് തസ്തികയിൽ വനിത 4, പുരുഷൻ 3 എന്നിങ്ങനെയാണ് ഒഴിവുകൾ. ആയൂർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ആയൂർവേദ നഴ്സ് കോഴ്സ് വിജയിച്ചവർക്ക് സെപ്റ്റംബർ 26നു നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കാം. ആയൂർവേദ തെറാപിസ്റ്റ് തസ്തികയിൽ വനിത, പുരുഷ വിഭാഗങ്ങളിൽ മൂന്നു വീതം ഒഴിവുകളുണ്ട്. ആയൂർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ആയൂർവേദ തെറാപി കോഴ്സ് വിജയിച്ചവർക്ക് സെപ്റ്റംബർ 28നു നടക്കുന്ന അഭിമഖത്തിൽ പങ്കെടുക്കാം.

മൂന്നു തസ്തികകളിലും 500 രൂപയാണു ദിവസ വേതനം. താത്പര്യമുള്ളവർ വയസ്, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, വിലാസം എന്നിവ തെളിയിക്കുന്ന അസൽ രേഖകളും പകർപ്പുകളും ബയോഡാറ്റയും സഹിതം തിരുവനന്തപുരം സർക്കാർ ആയൂർവേദ കോളജ് സൂപ്രണ്ടിന്റെ ഓഫിസിൽ ഹാജരാകണം. ഇന്റർവ്യൂ ദിവസങ്ങളിൽ രാവിലെ ഒമ്പതു മുതൽ 11 വരെയായിരിക്കും രജിസ്ട്രേഷൻ. ഇന്റർവ്യൂ 10ന് ആരംഭിക്കും. ഉദ്യോഗാർഥികൾക്ക് ഇന്റർവ്യൂ തീയതിയിൽ 40 വയസ് കവിയാൻ പാടില്ല. കൂടുതൽ വിവരങ്ങൾക്ക് 0471 2471632.



# മികവുള്ള മൂല്യവർധന ഉത്പാദന വേദിയായി കേരളത്തെ മാറ്റണമെന്ന് മന്ത്രി കെ രാജൻ

**തൃശൂർ:** ക്ഷീര രംഗത്ത് സ്വയം പര്യാപ്തതയ്ക്കൊപ്പം മൂല്യവർധിത ഉത്പന്നങ്ങൾ കൂടുതൽ നിർമ്മിക്കാനും കേരളത്തിന് പുറത്തേക്ക് കൊടുക്കാൻ സാധിക്കും വിധം മികവുള്ള മൂല്യവർധന ഉത്പാദന വേദിയായി കേരളത്തെ മാറ്റണമെന്ന് റവന്യൂ മന്ത്രി കെ രാജൻ. അന്തിക്കാട് ബ്ലോക്ക് ക്ഷീരസംഗമം കാഞ്ഞാണി സിംല മാളിൽ വെച്ച് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

പാലിന് വില കൂടും എന്ന് കാണുന്ന ഘട്ടത്തിൽ തന്നെ തീറ്റയ്ക്കും വില കൂട്ടുന്ന സ്വകാര്യ ഏജൻസികളുടെ നടപടികൾ ഗുരുതരമാണ്. വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ ആവശ്യമില്ലാതെ മാറ്റിവെയ്ക്കുന്ന വൈക്കോൽ തീറ്റയുടെ ആവശ്യത്തിന് പരിഗണിക്കാൻ കഴിയും വിധം പ്രത്യേകമായി സംസ്കരിച്ച് ഒരു ഹരിത വണ്ടിയിലൂടെ കേരളത്തിലേക്ക് എത്തിക്കുന്നുതിനുള്ള നടപടി ക്രമങ്ങളിലാണ് സർക്കാർ. ഇതിലൂടെ കേരള ഫീഡ്സിന്റെ ഉത്പാദനം വർധിപ്പിച്ച് സർക്കാരിന്റെ ഉടമസ്ഥലതയിലും നിലവാരത്തിലും തീറ്റ വില പിടിച്ച് നിർത്തി മുന്നേറാനാണ് ശ്രമമെന്ന് മന്ത്രി പറഞ്ഞു.

കേരളത്തിന് ആവശ്യമായ മുഴുവൻ പാലും ഉത്പാദിക്കാൻ കഴിവുള്ള സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ സാധിച്ചത് സർക്കാരിന്റെ ക്ഷീര രംഗത്തെ നേതൃ പ്രവർത്തനങ്ങളാണെന്നും മന്ത്രി കൂട്ടി ചേർത്തു. ക്ഷീര ഗ്രാമങ്ങളിൽ ക്ഷീരോത്പാദനം വർധിപ്പിക്കുന്നതിനുള്ള തുടർ പ്രവർത്തനങ്ങളും ഉണ്ടാവാൻ ശ്രദ്ധിക്കണമെന്ന് മന്ത്രി നിർദ്ദേശം നൽകി.

മുരളി പെരുനെല്ലി എംഎൽഎ അധ്യക്ഷത വഹിച്ചു. അന്തിക്കാട് ക്ഷീര വികസന ഓഫീസർ ഷീല ടിജി റിപ്പോർട്ട് അവതരിപ്പിച്ചു. ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ എൻ വീണ പദ്ധതി വിശദീകരിച്ചു. ഫിലിം ചേംബർ ഓഫ് കൊമേഴ്സിന്റെ സംസ്ഥാന പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ബി ആർ ജേക്കബിന് ചടങ്ങിൽ മന്ത്രി ആദരവ് നൽകി.

കന്നുകാലികളിലെ രോഗങ്ങളും ചികിത്സാ രീതികളും എന്ന വിഷയത്തിൽ വെറ്റിനറി സർജൻ സുമി ചന്ദ്രനും ക്ഷീര മേഖലയിലെ നൂതന പ്രവണതകൾ പ്രസക്തി സാധ്യതകൾ എന്ന വിഷയത്തിൽ ക്ഷീരവികസന ഓഫീസർ ജാസ്മിൻ സി ജെ യും സെമിനാർ ക്ലാസ്സുകൾ നയിച്ചു.

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ കെ ശശിധരൻ, ജില്ലാ പഞ്ചായത്ത് മെമ്പർ വി എൻ സുർജിത്ത്, മണലൂർ ക്ഷീരോൽപാദക സഹകരണ സംഘം പ്രസിഡന്റ് എംആർ മോഹനൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ സൈമൺ തെക്കത്ത്, ജ്യോതിരാമൻ, സ്മിത അജയകുമാർ, അമ്പിളി സുനിൽ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് മായ ടി ബി, ബ്ലോക്ക് സ്റ്റാൻഡിങ് കമ്മിറ്റി അംഗങ്ങളായ സി ആർ രമേശ്, പി എസ് നജീബ്, രജനി തിലകൻ, ക്ഷീരസംഘം പ്രസിഡന്റുമാരായ ടി വി രാജേഷ്, എൻ കെ അനിൽകുമാർ, കെ ജി ബാബു, സി കെ മോഹനൻ, ഇ കെ ജയപ്രകാശ്, കെ എസ് പരമേശ്വരൻ , സി വി ഷാജു, ജനപ്രതിനികൾ തുടങ്ങിയവർ പങ്കെടുത്തു.

# വളയം ബണ്ട് നിർമാണം തുടങ്ങി

**പാവറട്ടി :** ഇടിയഞ്ചിറ റഗുലേറ്ററിന്റെ ജീർണാവസ്ഥമൂലം ഷട്ടറുകൾ അടയാതെ ശുദ്ധജലം വൻതോതിൽ പാഴാകുന്നതും വേലിയേറ്റ സമയത്ത് മുല്ലശേരി കനാലിലേക്ക് വൻതോതിൽ ഉപ്പുവെള്ളം കടക്കുന്നതും തടയാൻ അടിയന്തര നടപടികളായി. ഇടിയഞ്ചിറ റെഗുലേറ്ററിന് സമീപം താൽക്കാലിക വളയം ബണ്ടിന്റെ നിർമാണം തുടങ്ങി.



കർക്കടകത്തിലും ചിങ്ങത്തിലും മഴയില്ലാത്ത സാഹചര്യത്തിൽ ഉള്ള വെള്ളം ഇടിയഞ്ചിറ റഗുലേറ്ററിന്റെ തുറന്ന ഷട്ടറുകൾ വഴി പാഴാകുന്നതും കൃഷിക്കും ശുദ്ധജല പദ്ധതികൾക്കും ദോഷകരമായി ഉപ്പുവെള്ളം കടക്കുന്നതും 5 ന് മലയാള മനോരമ പ്രസിദ്ധീകരിച്ചിരുന്നു. തുടർന്നാണ് അടിയന്തര നടപടി. മനോരമ വാർത്ത സഹിതം കേരള കോൺഗ്രസ് (എം) ഐടി സെൽ വിഭാഗം ജില്ല സെക്രട്ടറി സാംസൺ ചിരിയങ്കണ്ടത്തിലിന്റെ നേതൃത്വത്തിൽ മന്ത്രി റോഷി അഗസ്റ്റിനെ സന്ദർശിച്ച് അടിയന്തര നടപടി ആവശ്യപ്പെട്ട് നിവേദനവും നൽകി.

പ്രശ്നം പരിഹരിക്കാൻ ഉടൻ നടപടിയെടുക്കാൻ മന്ത്രി ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. സാധാരണ ഡിസംബറിൽ നടത്താറുള്ള വളയം ബണ്ട് നിർമാണമാണ് അടിയന്തരമായി തുടങ്ങിയത്. 87 മീറ്റർ നീളത്തിലാണ് മുളങ്കുറ്റികളും പനമ്പട്ടകളും ഉപയോഗിച്ച് കെട്ടി മണ്ണിട്ട് നികത്തി വളയം ബണ്ട് നിർമിക്കുന്നത്. 20 ലക്ഷം രൂപയാണ് ചെലവ് കണക്കാക്കുന്നത്. അടിയന്തര ഘട്ടത്തിൽ തുറക്കാൻ പെട്ടിക്കഴകൾ ഉണ്ടാകും. കൃഷ്ണ പ്രണവ് എന്ന കരാറുകാരനാണ് ഏറ്റെടുത്തിട്ടുള്ളത്. 20 ന് ബണ്ട് നിർമാണം പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ വർഷം ഉപ്പുവെള്ളം കടന്ന് മുല്ലശേരി കനാലിനെ ആശ്രയിച്ച് കൃഷിയിറക്കുന്ന തണ്ണീർക്കായൽ പാടശേഖരത്തിലെ നെൽക്കൃഷി പൂർണമായി നശിച്ചിരുന്നു. എളവള്ളി പഞ്ചായത്തിന്റെ ജലനിധി പദ്ധതി വഴിയുള്ള ശുദ്ധജല വിതരണവും ദീർഘനാൾ നിർത്തിവയ്ക്കേണ്ടി വന്നു

# സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണം:പ്രശ്നങ്ങൾ ഉടൻ പരിഹരിക്കും: മന്ത്രി വി. ശിവൻകുട്ടി



**കൊച്ചി:** സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉടൻ പരിഹരിക്കുമെന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. വെണ്ണല ഗവൺമെന്റ് ഹൈസ്കൂളിലെ ലാബുകളുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണം. പദ്ധതിയിലെ 60 ശതമാനം തുക കേന്ദ്രത്തിന്റെയും ബാക്കി 40 ശതമാനം തുക സംസ്ഥാനവുമാണ് വഹിക്കുന്നത്. അതിനാൽ കേന്ദ്രത്തിന്റെ കൂടി സഹായത്തോടെ എത്രയും വേഗം പ്രശ്ന പരിഹാരമുണ്ടാക്കുമെന്നും അദ്ദേഹം പറഞ്ഞു. ശാസ്ത്ര രംഗത്തെ നേട്ടങ്ങൾ സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് കൂടി ലഭ്യമാക്കണം എന്നതാണ് സർക്കാർ നയം. വിദ്യാഭ്യാസ രംഗത്തെ അടിസ്ഥാന സൗകര്യവികസനത്തിനായി 3800 കോടി രൂപയാണ് സംസ്ഥാന സർക്കാർ ചെലവഴിച്ചത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം സർക്കാരിന്റെ പ്രഖ്യാപിത നയമാണെന്നും അദ്ദേഹം പറഞ്ഞു.സർക്കാർ സ്കൂളുകൾ മാത്രമല്ല എയ്ഡഡ്, അൺ എയ്ഡഡ്, സി.ബി.എസ്.സി സ്കൂളുകളിലെയുമടക്കം മുഴുവൻ വിദ്യാർത്ഥികൾക്കും മികച്ച പഠനം ഉറപ്പാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. കൊച്ചി കോർപ്പറേഷന്റെ നേതൃത്വത്തിൽ മാതൃകാപരമായ പ്രവർത്തനമാണ് വെണ്ണല ഗവ. ഹൈസ്കൂളിൽ നടത്തിയിരിക്കുന്നത്. കോളേജുകളുടെ നിലവാരത്തിലുള്ള ലാബുകളാണ് ഇവിടെ യാഥാർത്ഥ്യമാക്കിയിരിക്കുന്നത്. ഇത് പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് ഏറെ ശക്തി പകരുന്ന കാര്യമാണെന്നും അദ്ദേഹം പറഞ്ഞു. കൊച്ചി നഗരസഭ 202223 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് വെണ്ണല ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ കമ്പ്യൂട്ടർ, ഫിസിക്സ് കെമിസ്ട്രി, ബോട്ടണി ലാബുകൾ ഒരുക്കിയിരിക്കുന്നത്. ഒരു കോടി 20 ലക്ഷം രൂപ ചെലവിൽ അത്യാധുനിക സൗകര്യങ്ങളോടെയാണ് ലാബുകൾ ക്രമീകരിച്ചിരിക്കുന്നത്. അങ്കണത്തിൽ സംഘടിപ്പിച്ച ഉദ്ഘാടന ചടങ്ങിൽ മേയർ അഡ്വ. എം. അനിൽകുമാർ അധ്യക്ഷത വഹിച്ചു. ഉമ തോമസ് എം.എൽ.എ മുഖ്യ പ്രഭാഷണം നടത്തി. കോർപ്പറേഷൻ സ്ഥിരം സമിതി അധ്യക്ഷരായ വി.എ ശ്രീജിത്ത്, പി.ആർ. റെനീഷ്, ഷീബ ലാൽ, വാർഡ് കൗൺസിലർ കെ.ബി ഹർഷിൽ, പൊതു കെട്ടിട വർക്കിംഗ് ഗ്രൂപ്പ് ചെയർമാൻ അഡ്വ. ദിപിൻ ദിലീപ്, കൗൺസിലർമാരായ ആർ.രതീഷ്, സി.ഡി വത്സലകുമാരി, ജോർജ് നാനാട്ട്, സ്കൂൾ പ്രിൻസിപ്പൽ ജി. സുജാത, സ്കൂൾ ഹെഡ് മാസ്റ്റർ പി.പി സുരേഷ് ബാബു, വെണ്ണല ഗവ. എൽ.പി സ്കൂൾ ഹെഡ് മാസ്റ്റർ പി.ജി രാജേഷ്, പി.ടി.എ പ്രസിഡന്റ് അബ്ദുൽ അസീസ്, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി ചെയർമാൻ ഫസീർ ഖാൻ, മദർ പി.ടി.എ പ്രസിഡന്റ് ഷെറി ഷാജി, വിവിധ രാഷ്ട്രീയ സാമൂഹിക രംഗത്തെ പ്രതിനിധികൾ, അധ്യാപകർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ചാമ്പ്യൻസ് ബോട്ട് ലീഗ്:പിറവം വള്ളംകളി സെപ്തംബർ 30 ന്

**കൊച്ചി:** പിറവത്തെ ആവേശത്തിരയിലേക്കുയർത്തുന്ന ചാംപ്യൻസ് ബോട്ട് ലീഗ് (സി.ബി.എൽ) വള്ളംകളി സെപ്തംബർ 30 ന് നടക്കും. ഉച്ചയ്ക്ക് ഒന്നിന് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും.മത്സരവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുമെന്ന് അനൂപ് ജേക്കബ് എം.എൽ.എ. അറിയിച്ചു.ഉച്ചക്ക് 1.30 ന് മാസ് ഡ്രില്ലിന്റെ അകമ്പടിയോടെയാണ് വള്ളംകളി മത്സരം ആരംഭിക്കുക. പതിറ്റാണ്ടുകളുടെ പാരമ്പര്യമുള്ള പ്രാദേശിക വള്ളംകളി മത്സരവും ഇതോടൊപ്പം നടത്താനാണ് തീരുമാനം. രണ്ട് മത്സരങ്ങളും ഇടകലർത്തി കലാ സംസ്കാരിക പരിപാടികളുടെ അകമ്പടിയോടെയാണ് നടത്തുക. സി.ബി.എല്ലിന്റെ ഭാഗമായ ചുണ്ടൻ വള്ളങ്ങളുടെ ഹീറ്റ്സ് മത്സരം ഉച്ചക്ക് 1.30 നാണ് നിശ്ചയിച്ചിട്ടുള്ളത്. തുടർന്ന് പ്രാദേശിക വള്ളംകളിയുടെ ഹീറ്റ്സും നടത്തും. തുടർന്ന് കലാപരിപാടികൾക്ക് ശേഷം വൈകിട്ട് 4.15ന് പ്രാദേശിക വള്ളങ്ങളുടെ ഫൈനൽ മത്സരവും വൈകിട്ട് 4.30ന് ചുണ്ടൻ വള്ളങ്ങളുടെ ഫൈനൽ മത്സരവും എന്ന രീതിയിലാണ് ക്രമീകരണം. വൈകിട്ട് 4.45ന് നടക്കുന്ന സമ്മാനദാനത്തോടെയാണ് പിറവം വള്ളംകളി അവസാനിക്കുക.ഈ വർഷത്തെ നെഹ്റു ട്രോഫി ജേതാക്കളായ പള്ളാത്തുരുത്തി ബോട്ട് ക്ലബ് തുഴയുന്ന മഹാദേവിക്കാട് കാട്ടിൽ തെക്കേതിൽ ചുണ്ടൻ, എൻ.സി.ഡി.സി ബോട്ട് ക്ലബ് തുഴയുന്ന നടുഭാഗം ചുണ്ടൻ, പുന്നമട ബോട്ട് ക്ലബ് തുഴയുന്ന വീയപുരം ചുണ്ടൻ, പോലീസ് ബോട്ട് ക്ലബ് തുഴയുന്ന ചമ്പക്കുളം ചുണ്ടൻ, ചുണ്ടൻ വള്ളങ്ങളായ യുണൈറ്റഡ് ബോട്ട് ക്ലബ് തുഴയുന്ന കാരിച്ചാൽ, കെ.ബി.സി എസ്.എഫ്.ബി.സി ബോട്ട് ക്ലബ് തുഴയുന്ന ആയാപറമ്പ് പാണ്ടി, കുമരകം ടൗൺ ബോട്ട് ക്ലബ് തുഴയുന്ന സെന്റ് പയസ് ടെൻത്, എടത്വ വില്ലേജ് ബോട്ട് ക്ലബ് തുഴയുന്ന ദേവാസ്, വേമ്പനാട് ബോട്ട് ക്ലബ് തുഴയുന്ന പായിപ്പാടൻ തുടങ്ങിയവയാണ് സി.ബി.എല്ലിൽ പിറവം പുഴയിലെ ജല രാജാവാകാൻ ഇറങ്ങുന്നത്. ഇ.എം.എസ്. മെമ്മോറിയൽ ട്രോഫി, കെ. കരുണാകരൻ മെമ്മോറിയൽ ട്രോഫി, ടി.എം. ജേക്കബ് മെമ്മോറിയൽ ട്രോഫി, ഉമാദേവി അന്തർജനം മെമ്മോറിയൽ ട്രോഫി എന്നിവക്ക് വേണ്ടിയാണ് പ്രാദേശിക വള്ളംകളി നടത്തുന്നത്. ഇരുട്ടുകുത്തി ബി ഗ്രേഡ് വള്ളങ്ങളായ പുത്തൻപറമ്പൻ, പൊഞ്ഞനത്തമ്മ, സെന്റ് ജോസഫ്, വലിയ പണ്ഡിതൻ, ശ്രീമുത്തപ്പൻ, ഡാനിയേൽ, സെന്റ് ആന്റണി, വെണ്ണക്കലമ്മ, ശരവണൻ എന്നിവയാണ് മത്സരിക്കുന്നത്. പിറവം നഗരസഭയിലെ 27 വാർഡുകളെയും ഒൻപത് കരകളാക്കി തിരിച്ച് ഒന്ന് വീതം ചുണ്ടൻ വള്ളങ്ങളെയും ഇരുട്ടുകുത്തി വള്ളങ്ങളെയും കരക്കാർക്ക് പ്രതീകാത്മകായി ഏൽപ്പിച്ച് നൽകിയിട്ടുണ്ട്. പ്രാദേശിക പങ്കാളിത്തം ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായാണിത്.

# എറണാകുളം ഗവ.ഗേൾസ് എൽപി സ്കൂളിന് പുതിയ കെട്ടിടം



**കൊച്ചി:** പൊതു വിദ്യാഭ്യാസ മേഖലയിൽ കേരളം പുതിയ ഉയരങ്ങൾ കീഴടക്കുകയാണെന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. എറണാകുളം ഗവൺമെന്റ് ഗേൾസ് എൽപി സ്കൂളിൽ നിർമ്മാണം പൂർത്തിയാക്കിയ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ അനുവദിച്ച ഒരുകോടി രൂപയുടെ പ്ലാൻ ഫണ്ടും സമഗ്ര ശിക്ഷ കേരളയുടെ 28.5 ലക്ഷ്യം രൂപയുടെ സിവിൽ വർക്ക് ഫും ഉപയോഗിച്ചാണ് സ്കൂളിൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയത്. ആറ് ക്ലാസ് മുറികൾ, രണ്ട് ശുചിമുറികൾ, ഒരു ഊണ് മുറി എന്നിവയാണ് പുതിയ കെട്ടിടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിദ്യാലയത്തിൽ പൂർത്തിയാക്കിയ ഒന്നാം തരം ക്ലാസ്മുറിയുടെ ഉദ്ഘാടനം കൊച്ചി കോർപ്പറേഷൻ മേയർ എം.അനിൽകുമാർ നിർവഹിച്ചു.ടി.ജെ വിനോദ് എംഎൽഎ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.കൊച്ചി നഗരസഭ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ വി.എ ശ്രീജിത്ത്, വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ പി.ആർ റെനീഷ്, കൗൺസിലർ പത്മജ എസ് മേനോൻ, സർവ്വശിക്ഷ കേരള ഡി.പി.സി ബിനോയ് ജോസഫ്, വിദ്യാകിരണം കോ ഓഡിനേറ്റർ ഡാൽമിയ തങ്കപ്പൻ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ വി രാമചന്ദ്രൻ, അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസർ ഡിഫി ജോസഫ്, സർവ്വശിക്ഷ കേരള ബി.പി.സി പി.എ നിഷാദ് ബാബു, ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ മിനി റാം, ഹൈസ്കൂൾ പ്രധാന അധ്യാപിക ലതിക പണിക്കർ, യുപി സ്കൂൾ പ്രധാന അധ്യാപിക ടി.ആശ, എൽ പി സ്കൂൾ പ്രധാന അധ്യാപകൻ സി.ജെ സാബു ജേക്കബ്, നഴ്സറി സ്കൂൾ പ്രധാന അധ്യാപിക (ഇൻ ചാർജ് ) ടി.എ ആൻസി, എസ് എം സി ചെയർപേഴ്സൺ ഡോ. സുമി ജോയി ഓലിപ്പയുറം, പിടിഎ പ്രസിഡന്റ് ലിബിൻ കെ തങ്കച്ചൻ, മറ്റ് പിടിഎ ഭാരവാഹികൾ, ജനപ്രതിനിധികൾ, അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു.

## മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം : അദാലത്ത് സെപ്റ്റംബർ 13 മുതൽ

**കൊച്ചി:** മത്സ്യ തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം പ്രീമെട്രിക് ആൻഡ് പോസ്റ്റ് മെട്രിക് (ഫിഷറീസ് ഇ ഗ്രാന്റ്സ്) വിവിധ സാങ്കേതിക കാരണങ്ങളാൽ ലഭിക്കാത്തത് സംബന്ധിച്ച് 201718 സാമ്പത്തിക വർഷം മുതലുള്ള പരാതികൾ തീർപ്പാക്കുന്നതിനായി സെപ്റ്റംബർ 13 മുതൽ 16 വരെയുള്ള തീയതികളിൽ അദാലത്ത് സംഘടിപ്പിക്കുന്നു.എറണാകുളം സലിം അലി റോഡിലുള്ള ഫിഷറീസ് കോംപ്ലക്സിന്റെ അവെയർനസ് ഹാളിലാണ് അദാലത്ത് നടക്കുക.ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഫിഷറീസ് സ്കോളർഷിപ്പിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർ /സ്ഥാപനമേധാവികൾ പങ്കെടുത്ത് ഫിഷറീസ് വിദ്യാഭ്യാസ ആനുകൂല്യ സംബന്ധമായ പരാതികൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

## പള്ളുരുത്തി ബ്ലോക്കിൽ കുട്ടികളുടെ ഗ്രാമസഭ സംഘടിപ്പിച്ചു

**കൊച്ചി:** എറണാകുളം ജില്ല തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ കുട്ടികളുടെ ഗ്രാമസഭ സംഘടിപ്പിച്ചു.മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം,ലഹരി ഉയർത്തുന്ന സാമൂഹിക പ്രശ്നങ്ങൾ,ബാലാവകാശങ്ങൾ എന്നീ വിഷയങ്ങളിൽ കേന്ദ്രീകരിച്ചുള്ള ചർച്ചയിൽ പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള സ്കൂളുകളിൽ നിന്ന് മുപ്പത് വിദ്യാർഥികൾ ഗ്രാമസഭയുടെ ഭാഗമായി.കുട്ടികൾ ഉന്നയിച്ച ചോദ്യങ്ങൾക്ക് എറണാകുളം ജില്ല തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ പി എം ഷഫീഖ് , പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബേബി തമ്പി എന്നിവരുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരും ജനപ്രതിനിധികളും മറുപടി നൽകി.

## ലോക ഫിസിയോതെറാപ്പി ദിനാചരണം നടത്തി




**കൊച്ചി:** ഇന്ത്യൻ അസോസിയേഷൻ ഓഫ് ഫിസിയോ തെറാപ്പിസ്റ്റ് (ഐ.എ.പി) എറണാകുളം ശാഖയും ലിസി ഹോസ്പിറ്റലും സംയുക്തമായി ലോക ഫിസിയോതെറാപ്പി ദിനാചരണം നടത്തി.ബലൂണുകൾ ആകാശത്തേക്ക് പറത്തി ചെമേളത്തിന്റെ അകമ്പടിയോടെ ലിസി ആശുപത്രി അങ്കണത്തിൽ നിന്നും ആരംഭിച്ച വാക്കത്തോണിൽ നിരവധി പേർ അണിനിരന്നു.വാതരോഗങ്ങളിൽ ഫിസിയോതെറാപ്പിയുടെ മുഖ്യ പങ്ക് എന്നതായിരുന്നു ഈ വർഷത്തെ ദിനാചരണ സന്ദേശം. ലിസി ആശുപത്രിയിൽ നടന്ന ചടങ്ങ് കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് പി. ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. ഹോസ്പിറ്റൽ ഡയറക്ടർ ഫാ. പോൾ കരേടൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ സ്ട്രോക്കിന് ശേഷം ജീവിതത്തിലേക്ക് തിരികെയെത്തിയ എൻപിഒഎൽ മുൻ ഡയറക്ടറും സിജിഒഎ എറണാകുളം പ്രസിഡന്റുമായ ഡോ. അനന്തനാരായണൻ എഴുതിയ ശാസ്ത്ര പുസ്തക സമാഹാരം 'ശാസ്ത്രജാലകം' ഫിസിയോദിന ഉപഹാരമായി അതിഥികൾക്ക് സമ്മാനിച്ചു. ലിസി ഹോസ്പിറ്റൽ ചീഫ് ഫിസിയോ സോണിപോൾ, അസറ്റ് ഹോംസ് സിഇഒ ടോണി ജോൺ, ഐ.എ.പിഎറണാകുളം കൺവീനർ അരുൺ കുമാർ, യുണിക് മെന്റർ ഡയറക്ടർ പ്രവീണ തുടങ്ങിയവർ സംസാരിച്ചു.

## അയോധനകല പരിശീലന പരിപാടി സംഘടിപ്പിച്ചു

**തൃക്കാക്കര:** സ്ത്രീകൾ നേരിടുന്ന വെല്ലുവിളികളുടെയും അതിക്രമങ്ങളുടെയും പശ്ചാത്തലത്തിൽ, ഇത്തരം പ്രവണതകളെ പ്രതിരോധിക്കാൻ സ്ത്രീകളെ പ്രാപ്തരാക്കാനും ബോധവൽക്കരണം നൽകാനും ഭാരത മാതാ കോളേജ് ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്മെന്റിന്റെ നേതൃത്വത്തിൽ അയോധനകലാ പരിശീലന പരിപാടി സംഘടിപ്പിച്ചു. പ്രിൻസിപ്പൾ ഡോ. ജോൺസൺ കെ.എം. പരിപാടി ഉദ്ഘാടനം ചെയ്തു. മാർഷ്യൽ ആർട്സ് പഠിച്ചാലുള്ള ശാരീരികവും മാനസികവുമായ പ്രയോജനങ്ങൾ, സ്വയം പ്രതിരോധത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് മുഖ്യാതിഥിയും സമുറായ് മാർഷ്യൽ ആർട്സ് അക്കാഡമി ചെയർമാനും അന്താരാഷ്ട്ര ആയോധനകലാ പരിശീലകനുമായ സെൻസേയ് അഹമ്മദ് മൂസ സംസാരിച്ചു. ഭാരത മാതാ കോളേജിലെ വിദ്യാർത്ഥിനികളും അധ്യാപികമാരും പരിപാടിയിൽ പങ്കെടുത്തു. ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിലെ അധ്യാപകരായ അജിത് ജോൺസൺ, റോബിൻ വി.എം. എന്നിവരും ചടങ്ങിൽ സംസാരിച്ചു

## ടാറ്റാ പവർ ഏഴായിരം ചാർജിങ് പോയിൻറുകൾ സ്ഥാപിക്കും

**കൊച്ചി:** രാജ്യത്തെ വൈദ്യുത വാഹന മേഖലയെ ശക്തമാക്കാനുള്ള നീക്കങ്ങളുടെ ഭാഗമായി ടാറ്റാ പവർ 2024 സാമ്പത്തിക വർഷത്തിൽ ഏഴായിരത്തോളം ചാർജിങ് പോയിൻറുകൾ സ്ഥാപിക്കുമെന്ന് കമ്പനി അധികൃതർ.2028 സാമ്പത്തിക വർഷത്തോടെ 25,000 ചാർജിങ് പോയിൻറുകളും സ്ഥാപിക്കും. 2070ഓടെ നെറ്റ് സീറോ എന്ന നില കൈവരിക്കാനുള്ള ഇന്ത്യയുടെ നീക്കങ്ങളിൽ വൈദ്യത വാഹനങ്ങൾക്കുള്ള നിർണായക പങ്കു കണക്കിലെടുത്തു കൂടിയാണ് ഈ നീക്കം. വൈദ്യുത വാഹനങ്ങൾ കൂടുതലായി സ്വീകരിക്കപ്പെടാൻ ചാർജിങ് സംവിധാനങ്ങൾ വിപുലമാക്കേണ്ടത് അനിവാര്യമാണ്. ടാറ്റാ പവറിൻറെ ഈസി പവർ വാഹന ചാർജിങ് സംവിധാനങ്ങൾ ശക്തമാക്കുന്നതിൽ വലിയ പങ്കു വഹിക്കുന്നു. ഈസി ചാർജ് ആപ് വഴി രാജ്യ വ്യാപകമായുള്ള ലൈവ് ചാർജിങ് സ്റ്റേഷനുകളുടെ വിവരങ്ങൾ, അടുത്തുള്ള ചാർജിങ് പോയിൻറിൽ മുൻകൂട്ടി ബുക്കു ചെയ്യാനുള്ള സൗകര്യം എന്നിവയെല്ലാം ലഭിക്കും. ചാർജിങ് സ്റ്റേഷനുകളിൽ വയർലെസ് പണമടക്കലും സാധ്യമാണ്. വലിയ നഗരങ്ങളിലെ മുൻനിര ഫ്ളീറ്റ് ഓപറേറ്റർമാരുമായി പങ്കാളിത്തത്തിലൂടെ ചാർജിങ് ഹബ്ബുകൾ സ്ഥാപിക്കാനും ടാറ്റാ പവറിനു പദ്ധതിയുണ്ട്. നിലവിൽ ഫ്ളീറ്റ് കാറുകൾക്കു മാത്രമായുള്ള അഞ്ഞൂറിലേറെ ചാർജിങ് പോയിൻറുകളാണ് ടാറ്റാ പവറിനുള്ളത്. 280ൽ ഏറെ ബസ് ചാർജിങ് പോയിൻറുകൾ സ്ഥാപിച്ചു കഴിഞ്ഞ ടാറ്റാ പവർ എണ്ണൂറിലേറെ കൂടി സ്ഥാപിക്കാനും ഉദ്ദേശിക്കുന്നു.
ടാറ്റാ പവർ ഈസി ആപ് വഴി 9 ലക്ഷത്തിലേറെ ചാർജിങ് സെഷനുകളാണ് നടത്തിയിട്ടുള്ളത്. ഒന്നര ലക്ഷത്തിലേറെ രജിസ്ട്രേഡ് ഉപഭോക്താക്കളാണ് ഇതു നടത്തിയത്. ഇവയിലൂടെ 64 ദശലക്ഷം കിലോമീറ്റർ വൈദ്യുത വാഹന ഓട്ടമാണ് നടന്നതെന്ന് അനുമാനിക്കുന്നു.കമ്പനി ഇതിനകം 50,000 ഹോം ചാർജറുകളും 4370ൽ ഏറെ പബ്ലിക്, സെമി പബ്ലിക് ചാർജിങ് പോയിൻറുകളും സ്ഥാപിച്ചിട്ടുണ്ട്.

# എ ഐ കമ്പ്യൂട്ട് ഇൻഫ്രാസ്ട്രക്ചർ നിർമ്മാണം: എൻവിഡിയയുമായി ചേർന്ന് ജിയോ പ്ലാറ്റ്ഫോം

**കൊച്ചി/ മുംബൈ:** എൻവിഡിയയുമായി സഹകരിച്ച് അത്യാധുനിക ക്ലൗഡ് അധിഷ്ഠിത എ ഐ കമ്പ്യൂട്ട് ഇൻഫ്രാസ്ട്രക്ചർ നിർമ്മിക്കാനുള്ള പദ്ധതികൾ പ്രഖ്യാപിച്ച് ജിയോ പ്ലാറ്റ്ഫോംസ് ലിമിറ്റഡ് .പുതിയ എ ഐ ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ, ഇന്ത്യയിലുടനീളമുള്ള ഗവേഷകർ, ഡെവലപ്പർമാർ, സ്റ്റാർട്ടപ്പുകൾ, ശാസ്ത്രജ്ഞർ, എ ഐ പ്രാക്ടീഷണർമാർ എന്നിവർക്ക് കൂടുതൽ മെച്ചപ്പെട്ട കമ്പ്യൂട്ടിംഗും ഉയർന്ന വേഗതയും സുരക്ഷിതവുമായ ക്ലൗഡ് നെറ്റ്വർക്കിംഗും പ്രാപ്തമാക്കും.കാലാവസ്ഥാ ഗവേഷണം, ആരോഗ്യ രംഗത്തെ ഗവേഷണം , എ ഐ ചാറ്റ്ബോട്ടുകൾ എന്നിങ്ങനെ ഇന്ത്യയുടെ എല്ലാ പ്രധാന എ ഐ സംരംഭങ്ങളെയും പുതിയ അടിസ്ഥാന സൗകര്യങ്ങൾ വളരെയധികം വേഗത്തിലാക്കുമെന്ന് റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മുകേഷ് അംബാനി പറഞ്ഞു.

സഹകരണത്തിന്റെ ഭാഗമായി, നൂതനമായ എഐ മോഡലുകൾ നിർമ്മിക്കുന്നതിനുള്ള സിപിയു, ജിപിയു, നെറ്റ്വർക്കിംഗ്, എഐ ഓപ്പറേറ്റിംഗ് സിസ്റ്റങ്ങളും ഉൾപ്പെടെ എൻഡ്ടുഎൻഡ് എഐ സൂപ്പർകമ്പ്യൂട്ടർ സാങ്കേതികവിദ്യകൾ എൻവിഡിയ ജിയോയ്ക്ക് നൽകും. ജിയോ, എഐ ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ മാനേജ് ചെയ്യുകയും ഉപഭോക്തൃ സേവനങ്ങൾ നൽകുകയും ചെയ്യും.രാജ്യത്തിന്റെ വ്യാപകവും ത്വരിതവുമായ വളർച്ചയ്ക്കായി സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിലേക്ക് ഇന്ത്യ മുന്നേറുമ്പോൾ, എൻവിഡിയയുമായി തങ്ങൾ വിഭാവനം ചെയ്യുന്നതുപോലുള്ള കമ്പ്യൂട്ടിംഗ്, ടെക്നോളജി സൂപ്പർ സെന്ററുകൾ, നമ്മുടെ രാജ്യത്തിന്റെ ഡിജിറ്റൽ യുഗത്തിന് ജിയോ ചെയ്തതു പോലെ ഉത്തേജക വളർച്ച നൽകും .

എൻവിഡിയയുമായുള്ള പങ്കാളിത്തത്തിൽ ഞാൻ സന്തുഷ്ടനാണ്, ഒപ്പം ലക്ഷ്യബോധമുള്ള ഒരു യാത്രയ്ക്കായി കാത്തിരിക്കുകയും ചെയ്യുന്നുവെന്നും മുകേഷ് അംബാനി പറഞ്ഞു.ജിയോയിൽ, അത്യാധുനിക സാങ്കേതികവിദ്യകളിലേക്കുള്ള പ്രവേശനം ജനാധിപത്യവൽക്കരിച്ച് ഇന്ത്യയുടെ സാങ്കേതിക നവോത്ഥാനത്തിന് ഊർജം പകരാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന്റെ ചെയർമാൻ ആകാശ് അംബാനി പറഞ്ഞു.എൻവിഡിയയുമായുള്ള ഞങ്ങളുടെ സഹകരണം ഈ ദിശയിലെ സുപ്രധാന ചുവടുവയ്പ്പാണ്. സുരക്ഷിതവും സുസ്ഥിരവും ഇന്ത്യയുടെ അതുല്യമായ അവസരങ്ങൾക്ക് ആഴത്തിൽ പ്രസക്തവുമായ ഒരു നൂതന എ ഐ ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ ഒരുമിച്ച് ഞങ്ങൾ വികസിപ്പിക്കും. ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം മുതൽ എന്റർപ്രൈസ് സൊല്യൂഷനുകൾ വരെയുള്ള മേഖലകളിലുടനീളമുള്ള എ ഐ നയിക്കുന്ന കുതിപ്പുകൾ ത്വരിതപ്പെടുത്തുന്നതിന് ഈ അത്യാധുനിക പ്ലാറ്റ്ഫോം ഒരു ഉത്തേജകമാകും.

രാജ്യത്തുടനീളമുള്ള ഗവേഷകർക്കും സ്റ്റാർട്ടപ്പുകൾക്കും സംരംഭങ്ങൾക്കും എ ഐ ആക്സസ് ചെയ്യാനും അതുവഴി എ ഐ പവർഹൗസ് ആകാനുള്ള ഇന്ത്യയുടെ യാത്ര ത്വരിതപ്പെടുത്താനുമാണ് ഞങ്ങളുടെ കാഴ്ചപ്പാടെന്നും ആകാശ് അംബാനി പറഞ്ഞു.ഇന്ത്യയിൽ അത്യാധുനിക എ ഐ സൂപ്പർ കമ്പ്യൂട്ടറുകൾ നിർമ്മിക്കുന്നതിന് റിലയൻസുമായി സഹകരിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ടെന്ന് എൻവിഡിയയുടെ സ്ഥാപകനും സിഇഒയുമായ ജെൻസൻ ഹുവാങ് പറഞ്ഞു.

# കെനിൻ ബ്രാൻഡിൽ ടിഷ്യു പേപ്പർ ഉൽപ്പന്നങ്ങളുമായി പെപ്കോ




**കൊച്ചി:** കോർപ്പറേറ്റ് സ്ഥാപനങ്ങൾ, നക്ഷത്രഹോട്ടലുകൾ തുടങ്ങിയവർക്ക് ടിഷ്യു പേപ്പർ ഉൽപ്പന്നങ്ങൾ നിർമിച്ചു നൽകിയിരുന്ന പെപ്കോ സ്വന്തം ബ്രാൻഡിൽ ടിഷ്യു പേപ്പർ ഉൽപ്പന്നങ്ങൾ വിപണിയിലിറക്കി. സംസ്ഥാന വ്യവസായമന്ത്രി പി രാജീവിന് ആദ്യ ബാച്ച് ഉൽപ്പന്നങ്ങൾ നൽകിക്കൊണ്ട് പെപ്കോ മാനേജിംഗ് ഡയറക്ടർ സൈബു ജേക്കബ് വിപണനോദ്ഘാടനം നിർവഹിച്ചു. കേരളാ സ്മോൾ സ്കെയിൽ ഇൻഡസ്ട്രീസ് അസോസിയേഷൻ (കെഎസ്എസ്ഐഎ) എറണാകുളം ജില്ലാ പ്രസിഡന്റ് എം എ അലി, ഐഎസ്ആർഒ മുൻ ഡെപ്യൂട്ടി ഡയറക്ടർ ഡോ. സി പി രഘുനാഥൻ നായർ, കെഎസ്എസ്ഐഎ സംസ്ഥാന സമിതി അംഗം ടി കെ അൻവർ, പെപ്കോ മാർക്കറ്റിംഗ് മാനേജർ ഡാൻ ജേക്കബ് തുടങ്ങിയവർ പങ്കെടുത്തു. കമ്പനിയുടെ കൊച്ചി തിരുവാങ്കുളത്തെ യൂണിറ്റിൽ നിർമിച്ച ഫേഷ്യൽ ടിഷ്യൂസ്, കിച്ചൻ ടിഷ്യൂസ്, കിച്ചൻ റോൾസ്, ടോയ്ലറ്റ് പേപ്പർ, റ്റേബിൾ നാപ്കിൻസ്, ഇൻഡസ്ട്രിയൽ റോൾസ്, ഡിസ്പെൻസർ ടിഷ്യൂസ്, പെർഫ്യൂം ടിഷ്യൂസ് തുടങ്ങിയ ഉൽപ്പന്നങ്ങളാണ് കെനിൻ ബ്രാൻഡിൽ വിപണിയിലെത്തിയിരിക്കുന്നത്. പ്രതിമാസം 35 ടണ്ണാണ് തിരുവാങ്കുളം യൂണിറ്റിന്റെ ഉൽപ്പാദന ശേഷിയെന്ന് മാനേജിംഗ് ഡയറക്ടർ സൈബു ജേക്കബ് പറഞ്ഞു. ടിഷ്യു പേപ്പർ മേഖലയിലെ ഏറ്റവും ഉയർന്ന ഗുണനിലവാരമുള്ള വുഡ് പൾപ്പിൽ നിന്നുണ്ടാക്കുന്ന വിർജിൻ ഗ്രേഡ് പേപ്പർ മാത്രമാണ് കമ്പനി ഉപയോഗിക്കുന്നത്. 100% വരെ ജലാംശം ആഗിരണം ചെയ്യുന്നതിനാൽ അടുക്കള ഉപയോഗങ്ങൾക്ക് ഏറെ അനുയോജ്യമാണ്. പൊടി ഇല്ലാത്തതിനാൽ അലർജിയുടെ ഭീഷണിയും ഇല്ല. ഉൽപ്പന്നങ്ങൾ ഹൈപ്പർ, സൂപ്പർമാർക്കറ്റുകളിലും മറ്റ് പ്രധാന റീടെയിൽ സ്ഥാപനങ്ങളിലും ഓൺലൈനിലും ലഭ്യമാണെന്നും സൈബു ജേക്കബ് പറഞ്ഞു. കൂടുതൽ വിവരങ്ങൾക്ക് www.kenin.co.in

### സ്പന്ദനം പദ്ധതി

# ഹൃദ്രോഗ പരിശോധനകൾക്ക് ഇളവുമായി കോഴിക്കോട് ആസ്റ്റർ മിംസ്

**കോഴിക്കോട്:** ലോക ഹൃദയ ദിനാചരണത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് വേണ്ടി സമഗ്ര ഹൃദയ പരിശോധന പദ്ധതിയുമായി കോഴിക്കോട് ആസ്റ്റർ മിംസ് ഹോസ്പിറ്റൽ. സ്പന്ദനം പദ്ധതി എന്ന പേരിൽ പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി 60 ശതമാനം ഇളവോടെ പരിശോധനകൾ നടത്താനുള്ള സൗകര്യമാണ് ഒരുക്കിയിട്ടുള്ളത്. 4500 രൂപ ചെലവ് വരുന്ന പരിശോധനകൾ സ്പന്ദനത്തിലൂടെ 1900 രൂപക്കാണ് ലഭ്യമാക്കുന്നത്. പദ്ധതിയുടെ ഉദ്ഘാടനവും ലോഗോ പ്രകാശനവും കോഴിക്കോട് ആസ്റ്റർ മിംസ് ചീഫ് ഓപ്പറേറ്റിങ് ഓഫിസർ ലുക്മാൻ പൊൻമാടത്ത് നിർവഹിച്ചു.തിരക്കേറിയ ജീവിതത്തിനിടയിൽ ഹൃദയാരോഗ്യത്തെ കുറിച്ച് ശ്രദ്ധിക്കാൻ കഴിയാതെ പോകുന്ന യുവതലമുറക്ക് ബോധവൽക്കരണം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഒരുമാസം നീണ്ടു നിൽക്കുന്ന പദ്ധതി നടപ്പാക്കുന്നത്. ഹൃദയത്തിന്റെ ആരോഗ്യം കണക്കാക്കുന്നതിനായി കാർഡിയോളജിസ്റ്റുകളുടെ നേതൃത്വത്തിൽ ചെയ്യുന്ന പ്രധാന പരിശോധനകളായ ഇ.സി.ജി, എക്കോ, ടി.എം.ടി തുടങ്ങിയവക്കൊപ്പം സി.ബി.സി. എഫ്.ബി.എസ്, എച്ച്.ബി.എ.1.സി, ലിപിഡ് പ്രൊഫൈൽ, എസ്.ജി.പി.റ്റി, ക്രിയാറ്റിനിൻ ഉൾപ്പെടെയുള്ള രക്തപരിശോധനകളും ഉൾപെടുന്നതാണ് പാക്കേജെന്ന് ആസ്റ്റർ അധികൃതർ  വ്യക്തമാക്കി.പരിശോധനകളിലൂടെ രോഗസാധ്യതകളെ നേരത്തെ തിരിച്ചറിയാനും ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിക്കാനും കഴിയും. പ്രായമായവർക്കും നിർധനർക്കും പ്രയോജനപ്പെടുത്താവുന്ന ടെസ്റ്റുകളും അർഹരായവർക്ക് സൗജന്യ നിരക്കിൽ തുടർചികിത്സയുമാണ് ആസ്റ്റർ മിംസ് വാഗ്ദാനം ചെയ്യുന്നത്.നേരത്തെ വയോധികരിൽ കൂടുതലായി കണ്ടു വന്നിരുന്ന ഹൃദയാഘാതം മൂലമുള്ള മരണങ്ങൾ ഇന്ന് യുവാക്കളിലും  ധാരാളമായി കണ്ടു വരുന്നുണ്ട്. ജീവിത രീതിയിൽ വന്ന മാറ്റങ്ങളും ഹൃദയത്തിന്റെ ആരോഗ്യകാര്യങ്ങളിൽ ചെറുപ്പക്കാർ കാണിക്കുന്ന അവഗണനയുമാണ് ഇതിന് കാരണം. ജിമ്മിലും കായികാധ്വാനത്തിനുമിടയിലും മറ്റും സംഭവിക്കുന്ന അപകടങ്ങളും ഹൃദയാഘാതം മൂലമുള്ള മരണങ്ങൾക്ക് കാരണമാകുന്നുണ്ട്. ഈ സാഹചര്യത്തിലാണ് പൊതുജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ  ആസ്റ്റർ മിംസ് ഇങ്ങനെയൊരു പദ്ധതിക്ക് മുൻകൈയെടുക്കുന്നത്. വനിതകൾക്ക് ഹൃദ്രോഗ സാധ്യത വിരളമാണെന്ന മിഥ്യാ ധാരണ നിലനിൽക്കെ പരിശോധനകളിലൂടെ യാഥാർഥ്യം മനസിലാക്കുക എന്നതും ലക്ഷ്യമാണ്.ജോലിത്തിരക്കുകളും അമിതമായ ചെലവും കാരണം പലരും സ്ഥിരമായി മാറ്റിവെക്കാറുള്ള പരിശോധനകളാണ് ഏറ്റവും കുറഞ്ഞ ചെലവിൽ ആസ്റ്റർ മിംസ് ഒരു കുടക്കീഴിൽ ഒരുക്കുന്നത്.  എല്ലാപ്രായക്കാർക്കും എളുപ്പത്തിൽ ഹൃദയത്തിന്റെ ആരോഗ്യസ്ഥിതി തിരിച്ചറിയാൻ സഹായിക്കുന്ന പദ്ധതിയാണിത്. നിലവിൽ ഹൃദ്രോഗങ്ങൾക്ക് മരുന്ന് കഴിക്കുന്നവരും, കുടുംബത്തിൽ ഹൃദയസംബന്ധമായ രോഗങ്ങൾ ഉള്ളവരും, പ്രമേഹം, കൊളസ്ട്രോൾ തുടങ്ങിയ അസുഖങ്ങൾ ഉള്ളവരും ഈ പരിശോധനകൾക്ക് വിധേയരാകുന്നത് ഹൃദയസംബന്ധമായ പ്രശ്നങ്ങളെ നിയന്ത്രിക്കാനും പ്രതിരോധിക്കാനും സഹായിക്കും. മുൻകൂട്ടിയുള്ള ബുക്ക് ചെയ്തവർക്ക് മാത്രമാണ് പദ്ധതിയുടെ ഗുണഫലം ലഭിക്കൂ. ബുക്ക് ചെയ്യുന്നതിനായി 9539425653, 7559835000 എന്നീ നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്. ഒരു മാസത്തേക്ക് മാത്രമാണ് കുറഞ്ഞ നിരക്കിൽ സേവനങ്ങൾ ലഭ്യമാക്കുകയുള്ളൂ. ഈ ദിവസങ്ങളിൽ നടത്തുന്ന പരിശോധനകളിൽ ഹൃദയത്തിന് എന്തെങ്കിലും അസുഖങ്ങളുണ്ടെന്ന് കണ്ടെത്തിയാൽ അർഹരായവർക്ക് ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി ചികിത്സകൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുമെന്നും ആസ്റ്റർ അധികൃതർ വ്യക്തമാക്കി.

# 'ലവ് ഓൾ'ന്റെ സംഗീത വിതരണാവകാശം വിങ്ക് സ്റ്റുഡിയോയ്ക്ക്

**കൊച്ചി:** ബാഡ്മിന്റൺ താരം പി ഗോപിചന്ദിന്റെ ജീവിതത്തെ ആസ്പദമാക്കിയുള്ള സിനിമയായ 'ലവ് ഓൾ'ന്റെ സംഗീത വിതരണാവകാശം ഇന്ത്യയിലെ ഒന്നാം നമ്പർ മ്യൂസിക് സ്ട്രീമിംഗ് ആപ്പായ വിങ്ക് സ്റ്റുഡിയോ കരസ്ഥമാക്കി. കേ കേ മേനോൻ അഭിനയിച്ച ഈ സിനിമ ആനന്ദ് പണ്ഡിറ്റിനൊപ്പം മഹേഷ് ഭട്ടും പി ഗോപിചന്ദും ചേർന്നാണ് നിർമ്മിക്കുന്നത്. എം രമേശിന്റെ ലക്ഷ്മി ഗണപതി ഫിലിം സ്റ്റുഡിയോസ് സെപ്റ്റംബറിൽ സിനിമ റിലീസ് ചെയ്യും. സുധാംശു ശർമ്മ സംവിധാനം ചെയ്യുന്ന ചിത്രത്തിൽ സ്വസ്തിക മുഖർജി, റോബിൻ ദാസ്, ശ്രീശ്വര, അതുൽ ശ്രീവാസ്തവ, രാജ ബുന്ദേല എന്നിവരും അഭിനയിക്കുന്നു. ഈ സിനിമയിലെ അവിസ്മരണീയമായ അഞ്ചു ട്രാക്കുകളും ഇതിനോടകം തന്നെ വിങ്കിൽ ലഭ്യമാണ്.സ്വതന്ത്ര കലാകാരന്മാർക്ക് ഒരു ക്രിയേറ്റീവ് ഔട്ട്ലെറ്റ് വാഗ്ദാനം ചെയ്യുക എന്ന കാഴ്ചപ്പാടോടെയാണ് വിങ്ക് സ്റ്റുഡിയോ സ്ഥാപിച്ചത്, അത് അവർക്ക് നേരിടേി വരുന്ന ധനസമ്പാദനം, മുഖ്യധാരയിലേക്ക് എത്തിച്ചേരുക എന്നിവ സംബന്ധിച്ചുള്ള പ്രശ്നങ്ങളിലും  സഹായകമാകുമെന്നും എയർടെൽ ഡിജിറ്റൽ സി ഇ ഒ യും ചീഫ് പ്രൊഡക്റ്റ് ഓഫീസറുമായ ആദർശ് നായർ പറഞ്ഞു.സ്വതന്ത്ര കലാകാരന്മാർക്കൊപ്പം ഞങ്ങൾ മികച്ച വിജയം നേടിയിട്ടു്, നിലവിൽ ഞങ്ങളുടെ പട്ടികയിൽ 1000 കലാകാരന്മാരു്. ഈ വിതരണ പങ്കാളിത്തം ഡിജിറ്റൽ ഡിസ്ട്രിബ് പര്യവേക്ഷണം ചെയ്യാൻ ആഗ്രഹിക്കുന്ന നിർമ്മാതാക്കൾക്ക് പുതിയ കാഴ്ചപ്പാടുകൾ നൽകുന്നതായിരിക്കുമെന്നും ആദർശ് നായർ പറഞ്ഞു.15 ഇന്ത്യൻ ഭാഷകളിൽ സംഗീതമൊരുക്കുന്ന വിങ്കിൽ സ്ട്രീമുകളുടെ 30 ശതമാനത്തിലധികം ഇപ്പോൾ പ്രാദേശിക ഗാനങ്ങളാണ്. മഞ്ച് മ്യൂസിക്, അനുഷ ദണ്ഡേക്കർ എന്നിവരിൽ നിന്നുള്ള 'ലവ് ടോക്കൺ', വിശാൽ ദദ്‌ലാനിയിൽ നിന്നുള്ള 'ബില്ലോ', ഒരേ സമയവും പരുക്കനും മെലഡിയുമായ നിഖിത ഗാന്ധിയുടെ 'പ്യാർ മേ പാഗൽ' എന്ന സിംഗിൾ പോലുള്ള സ്വതന്ത്ര സിംഗിൾസ് വിങ്ക് സ്റ്റുഡിയോ ആണ് പുറത്തിറക്കിയത്.

# ടാറ്റാ സമ്പൻ വെർമിസെല്ലി വിപണിയിൽ അവതരിപ്പിച്ചു

**കൊച്ചി:**  ടാറ്റ സമ്പൻ, ദക്ഷിണേന്ത്യൻ വിപണിയിലുടനീളം വെർമിസെല്ലി അവതരിപ്പിച്ചുകൊ് ഭക്ഷ്യവസ്തുക്കളുടെ നിര വിപുലപ്പെടുത്തി.  സോർഗം മില്ലറ്റ് വെർമിസെല്ലി, പ്രോട്ടീൻ റിച്ച് റോസ്റ്റഡ് വെർമിസെല്ലി, പ്രോട്ടീൻ റിച്ച് സെവിയൻ വെർമിസെല്ലി എന്നിങ്ങനെ മൂന്ന് വ്യത്യസ്ത വേരിയൻറുകൾ പുതുതായി അവതരിപ്പിച്ച ഉൽപ്പന്ന ശ്രേണിയിൽ ഉൾപ്പെടുന്നു. പ്രോട്ടീൻറെയും ഡയറ്ററി ഫൈബറിൻറെയും സന്തുലിതാവസ്ഥ ഉറപ്പാക്കുന്ന സെമോലിന ഉപയോഗിച്ചാണ് അവസാനത്തെ ര് ഉത്പന്നങ്ങൾ നിർമ്മിച്ചിരിക്കുന്നതെന്ന് ടാറ്റ കൺസ്യൂമർ പ്രോഡക്ട്സ്, പാക്കേജ്ഡ് ഫുഡ്സ്ഇന്ത്യ പ്രസിഡൻറ് ദീപിക ഭാൻ പറഞ്ഞു. മൈദ ചേർക്കാതെ തയ്യാറാക്കിയ ടാറ്റ സമ്പൻ വെർമിസെല്ലിയിൽ ശ്രദ്ധേയമായ പ്രോട്ടീൻ സാന്നിദ്ധ്യമു്. റോസ്റ്റഡ് വെർമിസെല്ലി സ്റ്റിക്കി അല്ലാത്ത ഒരു ടെക്സ്ചർ നൽകുമ്പോൾ, സേവിയൻ വേരിയൻറിൽ ഡയറ്ററി ഫൈബറിൻറെ സാന്നിദ്ധ്യമു്. അതേസമയം സോർഗം മില്ലറ്റ് വെർമിസെല്ലി സുജിയുടെയും ജോവറിൻറെയും ആരോഗ്യകരമായ മിശ്രിതമാണ്. പെട്ടെന്ന് പാകം ചെയ്യാൻ കഴിയുന്ന ഈ വെർമിസെല്ലി ഇനങ്ങൾ 10 മിനിറ്റിനുള്ളിൽ തന്നെ രുചികരമായ ഭക്ഷണമായി മാറ്റാനാകും. രുചിമുകുളങ്ങളെ തൃപ്തിപ്പെടുത്തുന്നതിനു പുറമേ, വെർമിസെല്ലി സമീകൃതമായ ഒരു ഭക്ഷണക്രമത്തിനെ സഹായിക്കുന്നവയുമാണ്.പോഷകസമൃദ്ധവും ആകർഷകവുമായ ഓപ്ഷനുകൾ നൽകുന്നതിനുള്ള ഞങ്ങളുടെ സമർപ്പണത്തിന് അനുസൃതമായി ടാറ്റാ സമ്പൻ വെർമിസെല്ലി ശ്രേണി അവതരിപ്പിക്കുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണെന്നും ദീപിക ഭാൻ പറഞ്ഞു. 200 ഗ്രാം റോസ്റ്റഡ് വെർമിസെല്ലി പായ്ക്കിന് 30 രൂപയും 200 ഗ്രാം അൺറോസ്റ്റഡ് വേരിയൻറിന് 22 രൂപയും മില്ലറ്റ് വെർമിസെല്ലി 180 ഗ്രാമിന് 30 രൂപയുമാണ് വില. തിരഞ്ഞെടുത്ത പ്രീമിയം ഔട്ട്ലെറ്റുകളിലും പ്രമുഖ ഇകൊമേഴ്സ് ചാനലുകളിലും ഉൽപ്പന്നങ്ങൾ ലഭ്യമാകും.

# തുർക്കി ടെക്നോഫെസ്റ്റ്:പുരസ്കാര തിളക്കത്തിൽ ആർച്ചിസ് അക്കാദമി

**കൊച്ചി:** തുർക്കി വ്യവസായ  സാങ്കേതികവിദ്യ മന്ത്രാലയം സംഘടിപ്പിച്ച ടെക്നോഫെസ്റ്റിൽ പുരസ്കാരം നേട്ടവുമായി മലയാളി സ്റ്റാർട്ട്അപ്പ് കമ്പനി ആർച്ചിസ് അക്കാദമി. ദക്ഷിണ യൂറോപ്യൻ രാജ്യമായ തുർക്കിയിൽ എല്ലാ വർഷവും സംഘടിപ്പിച്ചുവരുന്ന ഏറ്റവും വലിയ ടെക് ഫെസ്റ്റുകളിലൊന്നായ ടെക്നോഫെസ്റ്റിൽ ആക്സിലേറ്റർ വിഭാഗത്തിലാണ് 'ബെസ്റ്റ് എഡ്ടെക്' പുരസ്കാരം ആർച്ചിസ് സ്വന്തമാക്കിയത്. കഴിഞ്ഞ ദിവസം നടന്ന ചടങ്ങിൽ തുർക്കി പ്രസിഡന്റ് റജബ് ത്വയ്യിബ് എർദൊഗാനിൽ നിന്നും ആർച്ചിസ് അക്കാദമി സ്ഥാപകനും സിഇഒയുമായ തൗഫീഖ് സഹീർ പുരസ്കാരം ഏറ്റുവാങ്ങി.

2019ലാണ്  തൊഴിലവസരങ്ങൾ തേടുന്നതും മാറ്റം ആഗ്രഹിക്കുന്നതുമായ വിദ്യാർത്ഥികൾക്കും അമ്മമാർക്കും പരിശീലനവും മാർഗനിർദേശവും നൽകുന്ന ഓൺലൈൻ പ്ലാറ്റ്ഫോമായ ആർച്ചിസ് അക്കാദമി കൊച്ചി സ്വദേശി തൗഫീഖ് സഹീർ തുർക്കി ആസ്ഥാനമായി സ്ഥാപിക്കുന്നത്. ചുരുങ്ങിയ സമയത്തിനുള്ളിൽ തന്നെ തുർക്കിയുടെ വിദ്യാഭ്യാസ സാങ്കേതികവിദ്യ രംഗത്ത് സാനിധ്യമറിയിക്കാൻ സാധിച്ച ആർച്ചിസ് അക്കാദമിയിലൂടെ നിരവധി ആളുകളാണ് പരിശീലനം നേടുന്നത്. എഡ്ടെക് വിഭാഗത്തിൽ, നൂറോളം ടീമുകളെ പിന്തള്ളിയാണ് ആർച്ചിസ് അക്കാദമി മികച്ച സ്റ്റാർട്ട്അപ്പായി തിരഞ്ഞെടുക്കപ്പെട്ടത്. പത്ത് ദിവസങ്ങളിലായി തുർക്കിയുടെ തലസ്ഥാന നഗരമായ അങ്കാരയിൽ നടന്ന ടെക്നോഫെസ്റ്റിൽ ഒരു ദശലക്ഷത്തിലധികം ആളുകളാണ് സന്ദർശകരായെത്തി. പരിപാടിയോട് അനുബന്ധിച്ച് പാനൽ ഡിസ്കഷൻസ്, വർക്ക്ഷോപ്പുകൾ, വിവിധ പ്രദർശനങ്ങൾ, മത്സരങ്ങൾ എന്നിവയ്ക്ക് പുറമെ വ്യോമാഭ്യാസ പ്രകടനങ്ങളും അരങ്ങേറി. തുർക്കിയുടെ പ്രതിരോധ കരുത്തും സാങ്കേതിക മികവും വിളിച്ചോതുന്ന ടെക്നോഫെസ്റ്റിൽ പത്ത് വിഭാഗങ്ങളിലായി നടന്ന മത്സരത്തിൽ 2419 ടീമുകളാണ് മാറ്റുരച്ചു. തുർക്കിയിലെ വിവിധ ടെക്നോപാർക്കുകളിലെ ഉന്നത ഉദ്യോഗസ്ഥർ, യൂണിവേഴ്സിറ്റി പ്രൊഫസർമാർ, മന്ത്രാലയ പ്രതിനിധികൾ എന്നിവരടങ്ങുന്ന ജൂറിയാണ് വിജയികളെ തിരഞ്ഞെടുത്തത്.




തുർക്കിയിലെ ഏറെ പ്രാധാന്യമുള്ള ഒരു പരിപാടിയായ ടെക്നോഫെസ്റ്റിൽ പുരസ്കാരം ലഭിച്ചത് വലിയ ബഹുമതിയായി കാണുന്നുവെന്ന് ആർച്ചിസ് അക്കാദമി സ്ഥാപകനും സിഇഒയുമായ തൗഫീഖ് സഹീർ പറഞ്ഞു. 'ഈ വർഷം മാത്രമാണ് എസ്കിഷെഹീർ ടെക്നോപാർക്കിൽ ഒരു കമ്പനി സ്ഥാപിക്കുന്നതിനുള്ള ആർ ആൻഡ് ഡി സ്റ്റാറ്റസ് ഞങ്ങൾക്ക് ലഭിച്ചത്. ഞങ്ങളുടെ വിജയങ്ങൾ പിന്തുടരുന്നതിനുള്ള ഒരു ചവിട്ടുപടിയായിരിക്കുമെന്ന് ടീമിന് അറിയാമായിരുന്നു. ഈ നേട്ടം ആർച്ചിസ് അക്കാദമിയെ സംബന്ധിച്ചിടത്തോളം വലിയ  പ്രാധാന്യമുള്ളതാണ്, അത് മുന്നോട്ട് പോകാൻ ഞങ്ങൾക്ക് കൂടുതൽ ഊർജ്ജമാക്കും, അദ്ദേഹം കൂട്ടിച്ചേർത്തു.

# സ്പോർട്സ് മെഡിസിൻ കായിക താരങ്ങൾക്കായി സാർവത്രികമാക്കണം




**കാസർകോട്:** ഹെൽത്തിയം മെഡ്ടെക്ക് സംഘടിപ്പിച്ച 'സ്പോർട്സ് ഫോർ ലൈഫ്' എന്ന ഏകദിന വൈദ്യശാസ്ത്ര സമ്മേളത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ഫുട്ബോൾ മത്സരത്തിൽ മുഖ്യാതിഥിയായി എത്തിയ ഇന്ത്യൻ ഫുട്ബോൾ മുൻ ക്യാപ്റ്റൻ ബൈച്ചുങ്ങ് ബൂട്ടിയക്ക് നാടിന്റെ വരവേൽപ്പ്. നെയ്മർമൂലയിലെ ഹിൽ ടോപ്പ് അരീന ടർഫിൽ നടന്ന മത്സരത്തിനാണ് ബൂട്ടിയ എത്തിയത്. നെയ്മർമൂലയിലെ ഹിൽ ടോപ്പ് അരീന ടർഫിൽ നടന്ന മത്സരത്തിനാണ് ബൂട്ടിയ എത്തിയത്. സ്പോർട്സ് പരിക്കുകൾക്ക് വിജയകരമായ ശസ്ത്രക്രിയയ്ക്കും പുനരധിവാസത്തിനും വിധേയരായ കളിക്കാർ അണിനിരന്ന കിംസ് ടീമാണ് ലക്കി സ്റ്റാർസ് എന്ന ഫുട്ബോൾ ടീമിനോട് മാറ്റുരച്ചത്. ഹെൽത്തിയം മെഡ്ടെക്ക് സംഘടിപ്പിച്ച 'സ്പോർട്സ് ഫോർ ലൈഫ്' എന്ന ഏകദിന വൈദ്യശാസ്ത്ര സമ്മേളത്തിന്റെ ഭാഗമായാണ് മത്സരം നടന്നത്.പരിക്കേറ്റ കായികതാരങ്ങളെ പൂർവ്വസ്ഥിതി പ്രാപിക്കാൻ സഹായിക്കുന്ന പുനരധിവാസ സാങ്കേതിക വിദ്യകളും ചികിത്സാ സാകര്യങ്ങളും എല്ലാ താരങ്ങൾക്കും ലഭ്യമാവുന്ന രീതിയിൽ സാർവത്രികമാകണമെന്ന് ബൈച്ചുങ്ങ് ബൂട്ടിയ പറഞ്ഞു.ആരോഗ്യ മേഖലയിൽ ഇതിനായി ഏകോപിതമായ പരിശ്രമം ഉണ്ടാവണം. പരിക്കേറ്റ താരങ്ങൾ ബുദ്ധിമുട്ടാൻ ഇടവരരുത്, ബൈച്ചുങ്ങ് ബൂട്ടിയ പറഞ്ഞു.കാൽമുട്ടിലെ പരിക്കും ശസ്ത്രക്രിയയും സംബന്ധിച്ച് സ്വന്തം അനുഭവവും അദ്ദേഹം പങ്കുവെച്ചു. സ്പോർട്സ് പരിക്കുകൾ ചികിത്സിക്കുന്നതിനുമുള്ള മെഡിക്കൽ ഉപകരണങ്ങളിലും സാങ്കേതികവിദ്യകളിലും പരിചയസമ്പന്നരായ സ്പോർട്സ് സർജൻമാരുടെ എണ്ണത്തിലും രാജ്യം മുന്നിലാണെന്ന് അദ്ദേഹം പറഞ്ഞു. കൊച്ചി ലൂർദ് ഹോസ്പിറ്റലിലെ അഡൾട്ട് റീകൺസ്ട്രക്ഷൻ ആൻഡ് സ്പോർട്സ് മെഡിസിൻ കോഴ്സ് ഡയറക്ടറും എച്ച് ഒ.ഡിയുമായ ഡോ. ജോൺ തയ്യിൽ ജോൺ, ഹെൽത്തിയം മെഡ്ടെക് ലിമിറ്റഡ് വൈസ് പ്രസിഡന്റ് സുബീർ ദാസ് എന്നിവരും മത്സരത്തിൽ പങ്കാളികളായി.കിംസ് ടീമിലെ കളിക്കാരിൽ ഭൂരിഭാഗവും കാൽ മുട്ട് ശസ്ത്രക്രിയക്ക് വിധേയരായവരാണെന്ന് ഡോ. ജോൺ തയ്യിൽ ജോൺ പറഞ്ഞു,കായിക പ്രകടനം വീണ്ടെടുക്കുന്നതിൽ സ്പോർട്സ് മെഡിസിനുള്ള നിർണ്ണായക പങ്ക് വെളിവാക്കുന്നതാണ് ഫുട്ബോൾ മത്സരമെന്ന് സുബീർ ദാസ് പറഞ്ഞു.ഡോ.ജോൺ ടി.ജോൺ, ഡോ.ശ്രീഹരി സി.കെ, ഡോ.ജ്യോതിപ്രശാന്ത് എം, ഡോ.പ്രസാദ് എം. മേനോൻ എൽ, ഡോ.ഷാനവാസ് കെ.പി, ഡോ.രഞ്ജിത് ജെ.മാത്യു എന്നിവർ ഹോട്ടൽ ലളിതിൽ നടന്ന ശാസ്ത്ര സെഷനുകൾക്ക് നേതൃത്വം നൽകി.

# തൊഴിൽ പരിശീലനം

**കൊച്ചി:** കൊല്ലം ചവറയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷനിൽ ടെക്നിഷ്യൻതല തൊഴിൽ പരിശീലന പരിപാടികളിലേക്ക് അപേക്ഷ ക്ഷണിച്ചു. പത്താം ക്ലാസ് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാവുന്ന കൺസ്ട്രക്ഷൻ ലബോറട്ടറി ആൻഡ് ഫീൽഡ് ടെക്നീഷ്യൻ, അസിസ്റ്റന്റ് ഇലക്ട്രീഷ്യൻ, പ്ലസ്ടു പാസായവർക്ക് അപേക്ഷിക്കാവുന്ന പ്ലംബർ ജനറൽ ലെവൽ 4, എക്സ്കവേറ്റർ ഓപ്പറേറ്റർ ലെവൽ 4, ഐ.ടി.ഐ സിവിൽ സർവേയർ പാസായവർ/ഡിപ്ലോമ സിവിൽ പാസായവർ/ ബിടെക് സിവിൽ കോഴ്സ് പൂർത്തീകരിച്ചവർ എന്നിവർക്ക് അപേക്ഷിക്കാവുന്ന ഹ്രസ്വകാല പരിശീലനമായ അഡ്വാൻസ്ഡ് സർട്ടിഫിക്കറ്റ് ഇൻ സർവെയിങ് എന്നിങ്ങനെയാണ് പരിശീലനങ്ങൾ. എല്ലാ പരിശീലനങ്ങൾക്കും നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപറേഷൻ അംഗീകാരത്തോടെയുള്ള സർട്ടിഫിക്കറ്റ് ലഭിക്കും. പ്ലസ്ടു പാസായവർക്ക് അപേക്ഷിക്കാവുന്ന സൂപ്പർവൈസറി പരിശീലനമായ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റിൽ ഏതാനും സീറ്റുകൾ കൂടി ഒഴിവുണ്ട്. അപേക്ഷകർ 18 വയസ് പൂർത്തീകരിച്ചവരായിരിക്കണം. അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. സ്ഥാപനത്തിൽ നേരിട്ട് ഹാജരായും അപേക്ഷ സമർപ്പിക്കാം. അപേക്ഷിക്കാനുള്ള വെബ്സൈറ്റ് www.iiic.ac.in. അപേക്ഷിക്കാനുള്ള അവസാന തീയതി സെപ്റ്റംബർ 25. ക്ലാസുകൾ ഒക്ടോബർ 3 നു ആരംഭിക്കും. വിവരങ്ങൾക്ക്: 8078980000.

# കെ എം എ ഡിജിറ്റൽ സമ്മിറ്റ് 13ന്




**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ ഡിജിറ്റൽ സമ്മിറ്റ് സെപ്തംബർ 13ന് കാക്കനാട് സീപോർട്ട് എയർപോർട്ട് റോഡിലെ ചിറ്റിലപ്പള്ളി സ്ക്വയറിൽ നടക്കും. ജെൻ എഐ ഈസ് ബിസിനസ് ട്രാൻസ്ഫോർമേഷൻ വിത്ത് ഇന്നവേഷൻ ആന്റ് ഓട്ടോമേഷൻ എന്ന വിഷയത്തിൽ രാവിലെ ഒൻപതര മുതൽ വൈകിട്ട് ആറുവരെ നടക്കുന്ന സമ്മിറ്റ് കേരള ഗവൺമെന്റ് ഇലക്ട്രോണിക്സ് ആന്റ് ഐ ടി സെക്രട്ടറി ഡോ. രത്തൻ യു കേൽക്കർ മുഖ്യാതിഥിയാകും. ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടറും റീട്ടയിൽ ബിസിനസ് ഹെഡുമായ ശാലിനി വാര്യർ വിശിഷ്ടാതിഥിയായിരിക്കുംസമാപന ചടങ്ങിൽ കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രാലയം മുൻ സെക്രട്ടറി എം മാധവൻ നമ്പ്യാർ മുഖ്യാതിഥിയും സോഹോ കോർപറേഷൻ സ്ഥാപകനും സി ഇ ഒയുമായ പത്മശ്രീ ശ്രീധരൻ വേമ്പു വിശിഷ്ടാതിഥിയുമായിരിക്കും.അഡോബി സൊല്യൂഷൻ കൺസൾട്ടിംഗ് ഹെഡ് വൈശാഖ് വേണുഗോപാലൻ, ഫോർട്ടിനെറ്റ് സെയിൽസ് വൈസ് പ്രസിഡന്റ് വിശാഖ് രാമൻ, ഗൂഗ്ൾ ജനറേറ്റീവ് എ ഐ അംബാസഡർ രാകേഷ് മോഹൻദാസ്, ഫൗണ്ടേഷൻ ഓഫ് അഡ്വാൻസിംഗ് സയൻസ് ആന്റ് ടെക്നോളജി സീനിയർ ഫെലോ രാഹുൽ നയാർ, മേക്കർ വില്ലേജ് ആന്റ് സി ഒ ഇ ഐ ഐ ഒ ടി സി ഇ ഒ റിജിൻ ജോൺ, ക്ലൗഡേറ ഡാറ്റാ സെർവീസസ് സ്പെഷ്യലിസ്റ്റ് വിഷ് രാജഗോപാലൻ, ക്യൂലിക് ഡാറ്റ ഇന്റഗ്രേഷൻ സ്പെഷ്യലിസ്റ്റ് ഡയറക്ടർ രാജീവ് മസ്കാര, തോട്ട്സ്പോട്ട് സീനിയർ ഡയറക്ടർ രാജേഷ് ധിമാൻ, യെല്ലോ എ ഐ കൺസൾട്ടിംഗ് ആന്റ് സ്ട്രാറ്റജി വൈസ് പ്രസിഡന്റ് മൃഗേഷ് സോണി തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ സെഷനുകൾ കൈകാര്യം ചെയ്യുമെന്ന് ഡിജിറ്റൽ സമ്മിറ്റ് ചെയർപേഴ്സൺ സുജാത മാധവ് ചന്ദ്രൻ, പ്രസിഡന്റ് എ ബാലകൃഷ്ണൻ, സെക്രട്ടറി ദിലീപ് നാരായണൻ എന്നിവർ വാർത്താകുറിപ്പിൽ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9072775588 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

